100–ാം ചരമവാർഷിക സ്മരണിക



# പൂതികോട്ട്
# ചെറിയാൻ തോമസ് കോർഎപ്പിസ്കോപ്പ

(1846 – 1912)



ഡോ. റോയി പി. തോമസ്

100 – ാം ചരമവാർഷിക സ്മരണിക

# പൂതികോട്ട്
# ചെറിയാൻ തോമസ് കോർഎപ്പിസ്കോപ്പ

(1846 – 1912)

ഡോ. റോയി പി. തോമസ്

മേപ്രാൽ, തിരുവല്ല
2012

**Nooram Charamavarshika Smaranika**
**Poothicote Cheriyan Thomas Corepiscopa**
Author: **Dr.  Roy P. Thomas M.D.**
First Published May 2012

Published by
**Poothicote Family**
Email: **thiruvella@aol.com**

For more information about St. John's Jacobite Church, Mepral and Poothikote family visit: **www.poothicote.net**

Printed at
Rachana Printers, Mammod, Changanacherry; Phone: 9446859012

Cover design: Arun

## സമർപ്പണം

പ്രതിസന്ധികൾ ഏറെ ഉണ്ടായിരുന്ന ഒരു കാലഘട്ടത്തിൽ സഭയെയും സമൂഹത്തെയും ദൈവാശ്രയത്തോടെ സത്യവിശ്വാസത്തിൽ നില നിർത്തി നയിച്ച ഒരു ഉത്തമവൈദിക ശ്രേഷ്ഠനായിരുന്നു പൂതികോട്ട് വന്ദ്യ ദിവ്യശ്രീ ചെറിയാൻ തോമസ് കോർഎപ്പിസ്കോപ്പ. കേരളത്തിലെ സുറിയാനിസഭയ്ക്ക് പൊതുവെയും ആദ്യവികാരിയെന്ന നിലയിൽ മേപ്രാൽ സെന്റ് ജോൺസ് യാക്കോബായ വലിയപള്ളി ഇടവകയ്ക്ക് പ്രത്യേകിച്ചും എന്നും അദ്ദേഹം അവിസ്മരണീയനും ആദരണീയനു മായിരിക്കും.

അദ്ദേഹത്തെ നേരിൽ കാണുവാൻ ഭാഗ്യം ലഭിച്ചിട്ടില്ലാത്ത പൂതി കോട്ട് വല്യച്ചന്റെ നാലാം തലമുറയിൽ അദ്ദേഹത്തിന്റെ പൗത്രന്റെ പുത്രനായ എന്നെപ്പോലെ കുടുംബത്തിലെ പിൻതലമുറക്കാർക്ക് എന്നും മാർഗ്ഗദീപവും മദ്ധ്യസ്ഥപ്രാർത്ഥനയുടെ സങ്കേതവുമാണ് അച്ചനപ്പച്ചൻ. സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം എന്റെ പിതാമഹനും പിതാവും അച്ചനപ്പച്ചന്റെ ഛായാചിത്രത്തിനുമുമ്പിൽ ധ്യാനപൂർവം നമ്രശിരസ്കരായി നിന്നിരുന്നത് ഞാൻ ഓർക്കുന്നു. തങ്ങളുടെ പാർത്ഥനകളിൽ അച്ചനപ്പച്ചനും അദൃശ്യനായി പങ്കെടുക്കുന്നുവെന്ന് അവർ വിശ്വസിച്ചിരുന്നു.

പൂതികോട്ട് വല്യച്ചന്റെ നൂറാം ചരമവാർഷികവേളയിൽ വന്ദ്യ പിതാവിന്റെ പാവന സ്മരണയ്ക്കുമുമ്പിൽ ഈ ലഘു ചരിത്രം സമർപ്പി ക്കുന്നു.

**ഡോ. റോയി പി. തോമസ് എം.ഡി.**
ചിക്കാഗോ, യു.എസ്.എ.



**Ignatius Zakka I Iwas**
Patriarch of Antioch and All the East
Supreme Head of the Universal Syrian Orthodox Church

SYRIAN ORTHODOX PATRIARCHATE
OF ANTIOCH & ALL THE EAST
BAB TOUMA, P.O.BOX 22260
DAMASCUS - SYRIA

بـاب تومـا - ص.ب ٢٢٦٠
دمشق - سورية

**BY THE GRACE OF GOD**

**Ignatius Zakka I Iwas**
Patriarch of Antioch and All the East
Supreme Head of the Universal Syrian Orthodox Church

No.E79/12 27-April-2012

Apostolic Benediction to our beloved spiritual Son Commander Dr. Roy P. Thomas MD, Chicago, USA.

Inquiring your welfare we inform you the following. We are in receipt of your letter dated 20th April 2012, informing us that you have written a biographical book about your great grandfather Very Reverend Cherian Thomas Corepiscopos and you are planning to release this book on 13th May 2012 at your home parish in Kerala, St. John's Jacobite Syrian Orthodox Church, Mepral at the occasion of his 100th death anniversary. We are glad to know that he was one of the great leaders of our Church who stood firm in loyalty to the Holy Petrine Throne of Antioch during the second half of the nineteenth century and the first decade of the twentieth century, as our church in India was going through formidable trials and tribulations. We are happy to be informed that he was ordained as Corepiscopo by the Patriarch, our predecessor, His Holiness Moran Mor Ignatius Abded Aloho II. We thank God for all the blessings He showered on his life, ``*Bless the Lord, O my soul, And everything within me, bless His Holy Name.'' (Psalm 103:1).* At this auspicious occasion, we congratulate you and we appreciate your valuable efforts to write a book about such a great clergyman. Let this book throw light to the historic information about our church in India in the past century. We pray for your family too. We extend our Apostolic Blessings to you. أحو، ۏحمحما همزحا



**Baselios Thomas I**
Catholicose and Metropolitan Trustee
Jacobite Syrian Christian Church

# JACOBITE SYRIAN CHRISTIAN CHURCH

(UNDER THE HOLY APOSTOLIC SEE OF ANTIOCH AND ALL THE EAST)

**BASELIOS THOMAS I**
CATHOLICOSE AND METROPOLITAN TRUSTEE
PATRIARCH IGNATIUS ZAKKA I IWAS CENTRE
(PATRIARCHAL CENTRE)
PUTHENCRUZ, ERNAKULAM, KERALA, INDIA
PIN - 682 308
PHONE: 0484-2732804 (Office)
0484 - 2732803, 2733200 (Personal)
Fax: 0484 - 2732804
E-mail: bavathirumeni@rediffmail.com
patriarchalcentre@yahoo.com

CATHOLICATE ARAMANA
MOUNT SINAI
COLLEGE P.O., KOTHAMANGALAM
KERALA, INDIA, PIN - 686 666
PHONE: OFFICE 0485 - 2822485
PERSONAL 0485 - 2822101
FAX 0485 - 2825064

Date.........................

**No. SM-18/2012**

പ്രിയരെ,

പൂതികോട്ട് പരേതനായ ചെറിയാൻ തോമസ് കത്തനാർ മലങ്കര യാക്കോബായ സുറിയാനി സഭയ്ക്ക് അവിസ്മരണീയനായ ഒരു വൈദിക പ്രമുഖനായിരുന്നു. നവീകരണവ്യതിയാനവും പാലക്കുന്നത്ത് മെത്രാച്ചന്റെ ഏകനായക ഭരണവുംമൂലം മലങ്കരസഭയും ഇടവക പള്ളികളും ഏറെ കഷ്ട നഷ്ടങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. പ്രത്യേകിച്ച് തെക്കൻ ഭദ്രാസനങ്ങളിൽ നവീകരണ സ്വാധീനം വളരെ ശക്തവും പ്രകടവും ആയിരുന്നതുകൊണ്ട് പൂതികോട്ട് ബഹു. വലിയച്ചനെപ്പോലെയുള്ളവർ നൽകിയ ശക്തമായ നേതൃത്വവുമാണ് പരി. സഭയെ പിടിച്ചുനിർത്തിയത്. പൂതികോട്ട് കുടുംബവും വന്ദ്യ ചെറിയാൻ തോമസും രാജകൊട്ടാരം മുതൽ എളിയവന്റെ കുടിൽവരെ ഒരുപോലെ സ്വീകാര്യരും ആരാധ്യരുമായിരുന്നു. ഈ കുടുംബത്തിലെ വൈദിക തലമുറയിലാണ് ആധുനിക മലങ്കരസഭയ്ക്ക് ഈ തലമുറയിൽ അവിസ്മരണീയനായ കാലംചെയ്ത കുര്യാക്കോസ് മോർ കൂറിലോസ് മെത്രാപ്പോലീത്താ ഭൂജാതം ചെയ്തത്. ആധുനിക മലങ്കരസഭയുടെ തെക്കൻ ഭദ്രാസനങ്ങളുടെ യുഗശിൽപിയാണദ്ദേഹം.

ഈ മഹത്തായ കുടുംബത്തിലെ അതിപ്രഗത്ഭനും സഭാ വിശ്വസ്തനുമായി അമേരിക്കയിൽ ജീവിക്കുന്ന കമാണ്ടർ ഡോ. റോയി പി. തോമസ് അദ്ദേഹത്തിന്റെ പ്രപിതാമഹൻ കൂടിയായ പൂതികോട്ട് ചെറിയാൻ തോമസ് കത്തനാരുടെ ജീവചരിത്രവും, മേപ്രാൽ പള്ളിയുടെ ചരിത്രവും എഴുതി ലഘുകൃതിയായി പ്രസിദ്ധീകരിച്ചിരിക്കുന്നത് പരി. സഭയ്ക്കും ഈ തലമുറയ്ക്കും ഏറ്റവും ശ്ലാഘനീയമാണ്. തികഞ്ഞ സഭാസ്നേഹിയും ചരിത്രാന്വേഷിയും വിജ്ഞാനാന്വേഷിയുമായി ഡോ. റോയി പി. തോമസ് ചെയ്തിരിക്കുന്ന ഈ സദുദ്യമം വിസ്മൃതിയിലായി പോകാവുന്ന ഒരു ചരിത്രശൃംഖല നമുക്കായി അവതരിപ്പിച്ചിരിക്കുന്നു. നിർത്തുന്നു.

ദൈവം അനുഗ്രഹിക്കട്ടെ

**ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക**

പുത്തൻകുരിശ്
പാത്രിയർക്കാസെന്ററിൽനിന്നും
2012 മെയ് മാസം 8-ാം തീയതി

# പൂതികോട്ട് കോർഎപ്പിസ്കോപ്പയും സുറിയാനിസഭയും

**ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ**
(ഡയറക്ടർ, മോർ ആദായി സ്റ്റഡി സെന്റർ)



**20**-ാംനൂറ്റാണ്ടിലെ പ്രാരംഭകാലഘട്ടത്തിൽ സുറിയാനിസഭയ്ക്ക് സമർത്ഥ നേതൃത്വം വഹിച്ച ഒരു വൈദിക ശ്രേഷ്ഠനാണ് വന്ദ്യ പൂതിക്കോട്ട് ചെറിയാൻ തോമസ് കോർഎപ്പിസ്കോപ്പ. നവീകരണവിപ്ലവത്തിനു പ്രാരംഭംകുറിച്ച കാലഘട്ടത്തിൽ വിശ്വാസപരമായി അതിലുൾപ്പെടാതെയും എന്നാൽ സാമൂഹികമനോഭാവത്തിൽ നവീകരണാംശങ്ങൾ ഉൾക്കുള്ളുവാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അക്കാലഘട്ടങ്ങളിൽ ഏറെ ത്യാഗം സഹിച്ച് സഭയെ നയിച്ച അന്ത്യോഖ്യാപ്രതിനിധിയായിരുന്നു പുണ്യവാനായ യൂയാക്കിം മോർ കൂറിലോസ് ബാവാ. മലങ്കരയിലെ പല സ്ഥലങ്ങളിലും പോയി താമസിച്ച് ജനത്തെ സംഘടിപ്പിച്ച് ഷെഡ് കെട്ടിത്താമസിച്ച് ദൈവാലയങ്ങൾ പണിയിപ്പിച്ച് പള്ളികൾ വർദ്ധിപ്പിക്കുകയും വിശ്വാസപരിപാലനം നിർവഹിക്കുകയും ചെയ്ത ത്യാഗസമ്പന്നനായ ഈ പിതാവ് തന്നെയാണ് മേപ്രാൽ പള്ളിയുടെയും പൂതികോട്ട് വൈദികതലമുറയുടെയും അടിസ്ഥാനശില്പി. പൂതികോട്ട് വൈദികതലമുറയുടെ പ്രാരംഭകനായ വന്ദ്യ തോമസ് കശ്ശീശയ്ക്ക് കോർഎപ്പിസ്കോപ്പ സ്ഥാനം നല്കിയത് പ. അബ്ദുള്ളാ പാത്രിയർക്കീസ് ബാവായാണ്. യൂയാക്കിം ബാവായും അബ്ദുള്ള ബാവായും കൊളുത്തിയ ഈ അന്ത്യോഖ്യായുടെ പൗരോഹിത്യ വെളിച്ചം ഈ തലമുറവരെ തുടരുന്നു. മഹാനായ വൈദികശ്രേഷ്ഠന് എന്റെ വിനയാന്വിതമായ പ്രണാമം.

ഈ തലമുറയിലെ അഭിവന്ദ്യനായ കുര്യാക്കോസ് മോർ കൂറിലോസ് തിരുമേനി എനിക്ക് എന്നും വലിയ പ്രേരണയും പ്രോത്സാഹനവും ആയിരുന്നു. അഭിവന്ദ്യ പെരുമ്പിള്ളി തിരുമേനി എനിക്ക് വൈദിക സ്ഥാനം നല്കി അനുഗ്രഹിച്ചുവെങ്കിൽ എന്നെ ഒരു പള്ളിവികാരിയായി ആദ്യം നിയമിച്ചത് കൂറിലോസ് തിരുമേനിയായിരുന്നു. പിതൃസഹജമായ സ്നേഹവാത്സല്യങ്ങളോടെ എന്നെയും കുടുംബത്തെയും

സ്നേഹിച്ച ഒരു പിതാവായിരുന്നു. ഇപ്പോൾ ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്ത ആയിരിക്കുന്ന മോർ നിക്കോളാവോസ് തിരുമേനിയും ഈ കുടുംബപരമ്പരയിലെ അംഗമാണ്. തോമസ് ചെറിയാൻ അച്ചനും തോമസ് ശെമ്മാശനും ഈ കുടുംബത്തിലെ പുരോഹിതപരമ്പരയിലെ ഇളയമുറക്കാരാണ്.

ഈ ഗ്രന്ഥരചന നിർവഹിച്ച ഡോ. റോയി പി. തോമസ് എന്റെ ഏറ്റവും അടുത്ത കുടുംബസുഹൃത്താണ്. പരിശുദ്ധ പാത്രിയർക്കീസ് ബാവാ കമാൻഡർ സ്ഥാനം നല്കി അനുഗ്രഹിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഡോ. റോയി പി. തോമസ് നല്ല ഒരു പ്രഭാഷകനും എഴുത്തുകാരനും സഹൃദയനുമാണ്. സാഹിത്യവും വൈദ്യശാസ്ത്രവും പ്രഭാഷണവും പ്രബന്ധരചനയും എല്ലാം ഒരുപോലെ അനായാസം കൈകാര്യം ചെയ്യുന്ന ഡോക്ടറുടെ ഈ കൃതി പൂതികോട്ട് കുടുംബത്തിന്റെയും മേപ്രാൽ പ്രദേശത്തിന്റെയും വൈദിക പാരമ്പര്യത്തിന്റെയും സമ്യക്കായ ഒരു വിവരണമാണ് ഈ കൃതിയിൽ നല്കിയിരിക്കുന്നത്. സഭാചരിത്രവും പ്രദേശചരിത്രവും കുടുംബചരിത്രവും എല്ലാം ഉൾക്കൊള്ളുന്ന ഈ ലഘുകൃതി സഭാചരിത്രപഠിതാക്കൾക്ക് ഒരു വിസ്മൃതഘട്ടത്തിന്റെ പൊട്ടിയ ചങ്ങലയുടെ കൂട്ടിച്ചേർക്കലാണ്.

എല്ലാ വിജയങ്ങളും അനുഗ്രഹങ്ങളും നേരുന്നു.

# എന്റെ മനസ്സിൽ ജീവിക്കുന്ന എന്റെ വല്യവല്യപ്പച്ചൻ

## ഫാ. ചെറിയാൻ തോമസ് പൂതികോട്ട് തെക്കേപുരയ്ക്കൽ



**പൂ**തികോട്ട് വന്ദ്യ ദിവ്യശ്രീ ചെറിയാൻ തോമസ് കോർഎപ്പിസ്കോപ്പായുടെ സന്തതിപരമ്പരയിൽ 5-ാം തലമുറക്കാരനായ എനിക്ക് ആ പ്രപിതാമഹന്റെ പേരോടുകൂടിത്തന്നെ ഒരു വൈദികനാകുവാൻ സാധിച്ചത് ഒരു വലിയ ഭാഗ്യമായി കരുതി ദൈവത്തെ സ്തുതിക്കുന്നു. പൂതികോട്ട് വല്യച്ചന്റെ ഗുണവിശേഷങ്ങളായി എന്റെ മുൻഗാമികൾ പറഞ്ഞുതന്നിട്ടുള്ളതിൽ എന്റെ മനസ്സിൽ സ്പർശിച്ചിട്ടുള്ളത് അദ്ദേഹത്തിന്റെ അടിയുറച്ച ദൈവവിശ്വാസം, സമൂഹത്തോടുള്ള പ്രതിബദ്ധത, ഏതു കാര്യത്തിലും നീതിയോടുള്ള സമീപനം, ഇടവകയിലെ ജനങ്ങളുമായുള്ള സ്നേഹക്കൂട്ടായ്മ, വിശ്വാസധീരത, അന്ത്യോഖ്യയിലെ പരിശുദ്ധ ശ്ലൈഹികസിംഹാസനത്തോടു പുലർത്തിവന്ന കൂറും വിശ്വസ്തത എന്നിവയാണ്. ഈ അറിവാണ് പൂതികോട്ട് വല്യച്ചന്റെ കാല്പാടുകളെ പിന്തുടർന്നു ഒരു വൈദികനാകുവാൻ എനിക്കും പ്രചോദനം നല്കിയത്. പൂതികോട്ട് കുടുംബത്തിൽ എന്റെ മുൻഗാമി വൈദികരായിരുന്ന ചാത്താന്ത്ര ഏബ്രഹാം കശ്ശീശ്ശയും പായ്ക്കണ്ടത്തിൽ ജോർജ്ജ് കുര്യൻ കശ്ശീശ്ശയും (പിന്നീട് കുര്യാക്കോസ് കൂറീലോസ് മെത്രാപ്പോലീത്ത) പൂതികോട്ട് വല്യച്ചന്റെ പാതകളെത്തന്നെ പിന്തുടർന്നു. ബലഹീനനായ ഞാനും ഈ പൂർവികരുടെ കാലടികളെ പിന്തുടരുവാൻ ദൈവകൃപയിൽ ആശ്രയിക്കുന്നു. കൂറീലോസു തിരുമേനി എനിക്കു കശീശ പട്ടം നല്കിയപ്പോൾ എന്നോട് ആവശ്യപ്പെട്ട കാര്യങ്ങളിൽ ഒന്ന് എല്ലാവർഷവും മെയ് 7-നു ഞാൻ വല്യപള്ളിയിൽ പൂതികോട്ട് വല്യച്ചനുവേണ്ടി കുർബാനയർപ്പിച്ചു ധൂപപ്രാർത്ഥന നടത്തണമെന്നായിരുന്നു. ആയത് ഇന്നുവരെ ഞാൻ നിർവിഗ്നം നിവർത്തിച്ചു വരുന്നു. ആ വന്ദ്യപിതാവിന്റെ 100-ാം ചരമവാർഷികവേളയിൽ അദ്ദേഹത്തിന്റെ മധ്യസ്ഥതയിൽ ഞാൻ അഭയംപ്രാപിക്കുന്നു.

"ആചാരേശാ, മ്ശിഹാ കൂദാശകളർപ്പിച്ചോ
ആചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം."

# പൂതികോട്ട്
# വന്ദ്യ ചെറിയാൻ തോമസ് കോർഎപ്പിസ്കോപ്പാ

**"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവീൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ." *(എബ്രാ. 13:7)***

**പൂ**തികോട്ട് വന്ദ്യ ചെറിയാൻ തോമസ് കോർഎപ്പിസ്കോപ്പാ 1846-ൽ ഭൂജാതനായി. 1912 മെയ് മാസത്തിലെ ഗീവറുഗീസ് സഹദായുടെ പെരുന്നാൾദിവസം (മകരം 7-ാം തീയതി) നിത്യതയിൽ കർത്തൃ സന്നിധിയിലേക്ക് വിളിക്കപ്പെട്ടു. താൻ ജീവിച്ചിരുന്ന കാലഘട്ടത്തിൽ കടന്നുപോയ പാതകളിലെല്ലാം തന്റേതായ പാദമുദ്രകൾ പതിപ്പിച്ച കർമ്മയോഗിയായ ഒരു ചരിത്രപുരുഷനായിരുന്നു ചെറിയാൻ തോമസ് കോർഎപ്പിസ്കോപ്പാ.

### ജനനം

പൂതികോട്ട് വല്യച്ചൻ എന്നറിയപ്പെട്ടിരുന്ന ചെറിയാൻ തോമസ് കോർഎപ്പിസ്കോപ്പായാണ് പൂതികോട്ട് കുടുംബത്തിലെ ആദ്യത്തെ വൈദികൻ. പൂതികോട്ട് കുടുംബസ്ഥാപകനായ കൊച്ചിട്ടി കുരുവിള ജഡ്ജിയുടെ മൂന്നാമത്തെ പുത്രനായ പുത്തൻപുരയ്ക്കൽ ചെറിയാന്റെയും അടൂർനെല്ലിമൂട്ടിൽ അന്നമ്മയുടെയും മൂന്നാമത്തെ പുത്രനായി ജനിച്ചു. കൊച്ചിട്ടി കുരുവിള ജഡ്ജി മരിക്കുമ്പോൾ കൊച്ചു മകൻ തോമസ് ഒരു ശിശുവാണ്. അക്കാലത്ത് പരിശുദ്ധ അന്ത്യോഖ്യ പാത്രിയർക്കീസുബാവയുടെ പ്രതിനിധിയായി കേരളത്തിൽ ഉണ്ടായിരുന്ന യൂയാക്കീം കൂറിലോസ്ബാവയും പൂതികോട്ട് ജഡ്ജിയും തമ്മിൽ വളരെ അടുത്ത സ്നേഹബന്ധം പുലർത്തിയിരുന്നു. കൂറിലോസ് ബാവ മധ്യതിരുവിതാംകൂറിലായിരിക്കുമ്പോഴെല്ലാം താമസിച്ചിരുന്നത് മേപ്രാൽ ജഡ്ജി താമസിച്ചിരുന്ന മൂന്നാംമഠംവീടിന്റെ തൊട്ടടുത്തുള്ള ഒരു ചാവിടിയിലായിരുന്നു. വിശുദ്ധനാട്ടിൽ നിന്നെത്തിയിരുന്ന ആ ആത്മീയപിതാവിനു ഭക്ഷണവും മറ്റു എല്ലാ സൗകര്യങ്ങളും കൊച്ചിട്ടി കുരുവിള ജഡ്ജി ഏർപ്പാടാക്കിയിരുന്നു. ജഡ്ജി തന്റെ കൊച്ചുമകനായ തോമസിനെ കൂറിലോസ്ബാവയുടെ അടുക്കൽ കൊണ്ടുവരികയും

അനുഗ്രഹം വാങ്ങുകയും ചെയ്യുമായിരുന്നു. ദൈവകൃപയിൽ ആശ്രയിച്ച് ദൈവഭക്തിയിൽ തോമസിനെ വളർത്തികൊണ്ടുവരുവാൻ കൂറീലോസ്ബാവ പിതാവായ ചെറിയാനെ ഉപദേശിച്ചിരുന്നു.

## പൂതികോട്ട് കുടുംബത്തിലെ പൗരോഹിത്യ തായ്വഴി

പഴയനിയമത്തിൽ യാക്കോബിന്റെ മൂന്നാമത്തെ പുത്രനായ ലേവ്യനിലൂടെയാണ് യഹൂദപൗരോഹിത്യം ആരംഭിക്കുന്നത്. പൂതികോട്ട് കൊച്ചിട്ടി കുരുവിള ജഡ്ജിയുടെ മൂന്നാമത്തെ പുത്രനായ ചെറിയാന്റെ മൂന്നാമത്തെ പുത്രനായ തോമസാണ് മേപ്രായിലേക്ക് പൂതികോട്ട് കുടുംബം താമസം മാറ്റിയശേഷം കുടുംബത്തിലെ ആദ്യവൈദികൻ. പൂതികോട്ട് കുടുംബത്തിൽ പിന്നീടുണ്ടായ എല്ലാ വൈദികരും മെത്രാന്മാരും ചെറിയാൻ വല്യപ്പന്റെ ശാഖയിലെ പിന്തുടർച്ചക്കാരാണെന്നത് ദൈവനിയോഗമാകാം.

## വിദ്യാഭ്യാസവും പ്രാരംഭപരിശീലനവും

തോമസിന്റെ ചെറുപ്പത്തിൽത്തന്നെ മാതാവു മരിച്ചുപോയെങ്കിലും പിതാവിന്റെയും ബന്ധുക്കളുടെയും പരിരക്ഷയിലും ശിക്ഷണത്തിലും മേപ്രാൽ ഗ്രാമത്തിൽ വളർന്നു. അക്കാലത്തെ നടപ്പനുസരിച്ച് കുടിപള്ളിക്കൂടത്തിൽ ആശാന്മാരുടെ കീഴിലാണ് പ്രാരംഭവിദ്യാഭ്യാസം ആരംഭിച്ചത്.

കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആദ്യമായി ആരംഭിക്കുന്ന കാലമായിരുന്നു അത്. കൊച്ചിട്ടി കുരുവിള ജഡ്ജി തന്റെ 5-ാമത്തെ പുത്രനും മേടയിൽ ശാഖയുടെ പൂർവപിതാവുമായ കുഞ്ഞാക്കോണ്ടയെ കോട്ടയത്ത് ആദ്യം എത്തിയ ഇംഗ്ലീഷ് മിഷനറിമാരുടെ അടുക്കൽ വിദ്യാഭ്യാസത്തിനയച്ചു. കോട്ടയത്ത് ചാലുകുന്നിൽ ഇംഗ്ലീഷ് മിഷനറിമാരുടെകൂടെ താമസിച്ചാണ് കുഞ്ഞാക്കോണ്ട പഠിച്ചത്. കേരളത്തിലെന്നല്ല, ഇൻഡ്യയിൽതന്നെ ആദ്യം ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചവരിൽ ഒരാളാണ് കുഞ്ഞാക്കോണ്ട.

ചെറിയാൻ വല്യപ്പൻ തന്റെ മകനായ തോമസിനും കുഞ്ഞാക്കോണ്ടയെപ്പോലെ ഇംഗ്ലീഷ് വിദ്യാഭ്യാസം നല്കണമെന്നാഗ്രഹിച്ചു. കോട്ടയത്ത് സി.എം.എസ്. സ്കൂൾ തുടങ്ങുന്നതിനുമുമ്പ് മിഷനറിമാർ നടത്തിയിരുന്ന അക്കാലത്ത് ഗ്രാമർ സ്കൂൾ എന്നറിയപ്പെട്ടിരുന്ന വിദ്യാലയത്തിലാണ് തോമസ് പഠനം ആരംഭിച്ചത്. ഈ അനുഭവമാകണം പില്ക്കാലത്ത് തോമസച്ചന് തന്റെ മകനും എന്റെ പിതാമഹനുമായ കുഞ്ഞുവർക്കി (പി.റ്റി. വർക്കി)യെ സി.എം.എസ്. ഹൈസ്കൂളിൽ അയച്ചു പഠിപ്പിക്കുവാൻ പ്രേരകം.

തുടർന്നു തോമസിനെ വൈദികപഠനത്തിനായി പഴയസെമിനാരിയിലയച്ചു. അവിടെ മല്പാന്മാരുടെ കീഴിൽ പഠനം തുടർന്നു. തന്റെ മകനെ പഠിപ്പിച്ച് ഒരു നല്ല വൈദികനാക്കണമെന്നും ചെറിയാൻ വല്യപ്പൻ ആഗ്രഹിച്ചു.

## മേപ്രാൽ സെന്റ് ജോൺസ് യാക്കോബായപള്ളിയുടെ ആരംഭം

പൂതികോട്ട് കൊച്ചിട്ടി കുരുവിളയുടെ കാലത്തോ അതിനുമുമ്പോ മേപ്രായിൽ ഒരു ക്രൈസ്തവദേവാലയവും ഉണ്ടായിരുന്നില്ല. മേപ്രായിലും സമീപപ്രദേശങ്ങളിലുമുള്ളവർ ആരാധനക്കായി നിരണംപള്ളിയിലാണ് പോയികൊണ്ടിരുന്നത്. നിരണംപള്ളി വിശുദ്ധ തോമാശ്ലീഹായാൽ സ്ഥാപിതമാണെന്നാണ് പാരമ്പര്യവിശ്വാസം. നിരണവും മേപ്രായും സമീപസ്ഥങ്ങളായിരുന്നെങ്കിലും മഴക്കാലങ്ങളിലും വെള്ളപ്പൊക്കം ഉണ്ടാകുമ്പോഴും കുർബാനയിൽ സംബന്ധിക്കുവാനും വിവാഹം, മാമ്മോദീസ, ശവസംസ്കാരം തുടങ്ങിയ ചടങ്ങുകൾക്കും നിരണത്തേക്കുള്ള യാത്ര ദുഷ്കരമായിരുന്നു. അതുകൊണ്ട് 1846-ൽ തന്റെ മരണത്തോടടുത്തപ്പോൾ തന്റെ എല്ലാ മക്കളെയും പുതികോട്ട് കൊച്ചിട്ടി കുരുവിള ജഡ്ജി കിടക്കയ്ക്കുസമീപം വിളിച്ചുവരുത്തി മേപ്രായിൽ ഒരു ക്രൈസ്തവദേവാലയം സ്ഥാപിക്കുക തന്റെ അന്ത്യാഭിലാഷമായി അവരെ അറിയിച്ചു. പിതാവിന്റെ മരണത്തിന് 10 വർഷങ്ങൾക്കുശേഷം മകൻ ചെറിയാന്റെ പുത്തൻപുരയ്ക്കൽ ഭവനത്തിൽ സഹോദരങ്ങളെല്ലാം ഒത്തുചേർന്നു. മേപ്രായിൽ ഒരു ദേവാലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്ലാൻ തയ്യാറാക്കി അവരും മേപ്രായിലുള്ള മറ്റു ക്രൈസ്തവകുടുംബാംഗങ്ങളും ചേർന്ന് 1861-ൽ ആരംഭിച്ചതാണ് സെന്റ് ജോൺസ് (St. John's) യാക്കോബായപള്ളി.

(പള്ളിയുടെ ചരിത്രം അന്യത്ര വിവരിക്കും)

## മേപ്രാൽപള്ളിയും തോമസ് ശെമ്മാശനും

താല്ക്കാലികമായി പണിത മേപ്രാൽ സെന്റ് ജോൺസ് പള്ളി 1861 വൃശ്ചികമാസം 19-ാം തീയതി അന്നത്തെ മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന പാലകുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് കൂദാശ ചെയ്ത് കുർബാനയർപ്പിച്ചു. അന്നു തോമസിന് 15 വയസ് പ്രായം. അന്ന് കോട്ടയം പഴയസെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന തോമസിന് 1862 ധനു 22-ാം തീയതി യൂയാക്കീം കൂറിലോസ് മേപ്രാൽപള്ളിക്കുവേണ്ടി ശെമ്മാശുപട്ടം നല്കി.

തോമസ് ശെമ്മാശൻ പഠനവും പരിശീലനവും പൂർത്തിയാക്കി കൂറിലോസ് ബാവയിൽനിന്നുതന്നെ മേപ്രാൽ സെന്റ് ജോൺസ്

പള്ളിയുടെ ആദ്യവികാരിയായി പൂർണ്ണവൈദികപട്ടം സ്വീകരിച്ചു. അതുവരെ പല വൈദികരും തങ്ങളുടെ സേവനം ഒരു ഓലകെട്ടിടത്തിൽ നടത്തിയിരുന്ന ഈ പള്ളിക്കു നല്കിയിരുന്നു. ഇപ്രകാരം ഐരൂർ ചെമ്പോന്ത സ്ക്കറിയഅച്ചൻ, കോട്ടയം ഇടവഴിക്കൽ അച്ചൻ, നിരണം പള്ളിമുക്കിലച്ചൻ, വെണ്ണിക്കുളം കക്കുഴിയിലച്ചൻ, കണിയാന്ത്ര പടിഞ്ഞാറെവീട്ടിൽ നൈനാനച്ചൻ തുടങ്ങിയവർ നല്കിയ സേവനങ്ങളെ കൃതജ്ഞതയോടെ സ്മരിക്കേണ്ടിയിരിക്കുന്നു. ഇവരിൽ പ്രധാനി കണിയാന്ത്ര പടിഞ്ഞാറേവീട്ടിൽ നൈനാൻ കത്തനാരാണ്. അക്കാലത്ത് അദ്ദേഹം നിരണംപള്ളിയിലും തലവടി പള്ളിയിലും വികാരി ആയിരുന്നെങ്കിലും സാധ്യമാകുമ്പോഴെല്ലാം മേപ്രാൽപള്ളിയിൽ ശുശ്രൂഷകൾ നടത്തുവാൻ അദ്ദേഹം എത്തുമായിരുന്നു. ഈ നൈനാൻ കത്തനാർ വിവാഹം കഴിച്ചിരുന്നത് പൂതികോട്ട് കൊച്ചിട്ടി കുരുവിള ജഡ്ജിയ്ക്കു ഇളയ മകൾ അന്നമ്മയെ ആയിരുന്നു. പൂതികോട്ടെ തോമസ് ശെമ്മാശൻ വിവാഹം കഴിച്ചത് കണിയാന്ത്രതാഴത്ത് വർക്കിയുടെ മകൾ ഏലിയാമ്മയെ ആയിരുന്നു. നൈനാൻ കത്തനാർ ഈ വർക്കി വല്യപ്പന്റെ സഹോദരനുമായിരുന്നു. തന്റെ പിതൃസഹോദരിയുടെ ഭർത്താവും ഭാര്യാപിതാവിന്റെ സഹോദരനുമായ കണിയാന്ത്ര നൈനാനച്ചനോട് തോമസ് ശെമ്മാശനു സ്വാഭാവികമായും പ്രത്യേക സ്നേഹവും ബഹുമാനവുമുണ്ടായിരുന്നു. തോമസ് ശെമ്മാശനെ പൂർണ്ണവൈദികപട്ടം നല്കി മേപ്രാൽപള്ളിയുടെ ആദ്യവികാരിയാകുന്നതിൽ നൈനാനച്ചന് വളരെ താല്പര്യമുണ്ടായിരുന്നു. യാക്കോബായ വിശ്വാസത്തിൽ അടിയുറച്ചുനിന്ന് പരിശുദ്ധ അന്ത്യോഖ്യ പാത്രിയർക്കീസിന്റെ മലങ്കരയിലെ പ്രതിനിധിയായ യൂയാക്കിംബാവയുടെ അനുസരണയിൽ ജീവിച്ചിരുന്ന വൈദികനായിരുന്ന കണിയാന്ത്ര പടിഞ്ഞാറെവീട്ടിൽ നൈനാൻ കത്തനാർ.

## പൂതികോട്ട് ചെറിയാൻ തോമസ് കത്തനാർ ആദ്യവികാരി

പഠനത്തിനും പരിശീലനത്തിനുംശേഷം പൂതികോട്ട് ചെറിയാൻ തോമസ് ശെമ്മാശൻ പൂർണ്ണവൈദികപട്ടം നല്കിയതും മേപ്രാൽപള്ളിയുടെ ആദ്യവികാരിയായി നിയമിച്ചതും പരിശുദ്ധഅന്ത്യോഖ്യപാത്രിയർക്കീസിന്റെ പ്രതിനിധിയായി കേരളത്തിൽ തുടർന്നിരുന്ന യൂയാക്കീം കൂറിലോസ്ബാവ തന്നെയാണ്.

സഭയെയും ഇടവകയെയും ആത്മാർത്ഥമായി സ്നേഹിച്ചു തന്റെ ജീവിതം ദൈവമുമ്പാകെ വിശ്വാസിസമൂഹത്തിനായി പൂർണ്ണമായി സമർപ്പിച്ച ഒരു മാതൃകാവൈദികനായിരുന്ന പുതികോട്ടച്ചൻ. ഇടവകാംഗങ്ങളും കലവറകൂടാതെ അദ്ദേഹത്തെ സ്നേഹിച്ചാദരിച്ചു. അതുവരെ താല്കാലിക ഷെഡ്ഡിൽ പ്രവർത്തിച്ചിരുന്ന പള്ളി ഇന്നത്തെ

നിലയിൽ പണിതീർത്തത് 1885-ൽ പൂതികോട്ടച്ചന്റെ നേതൃത്വത്തിലാണ്. ഇടവകയുടെ വളർച്ചയിലെ അനേക സുപ്രധാനഘട്ടങ്ങളിലും ആദ്യവികാരിയായിരുന്ന തോമസച്ചന്റെ ദൈവാശ്രയവും സംഘടനാവൈഭവവുമാണ് സഹായകമായത്. യാക്കോബായ സുറിയാനി വിശ്വാസങ്ങളിൽനിന്നും ആകമാന സുറിയാനിസഭയുടെ തലവനായ പരിശുദ്ധ അന്ത്യോഖ്യപാത്രിയർക്കീസിന്റെ ആത്മീയ അനുശാസനങ്ങളിൽനിന്നും അണുവിടപോലും ഒരിക്കലും വ്യതിചലിച്ചിരുന്നില്ല.

സുറിയാനി യാക്കോബായവിശ്വാസപാരമ്പര്യങ്ങളിൽ പൂതികോട്ട് വല്യച്ചൻ ഉറച്ചുനിന്നിരുന്നു. എങ്കിലും അദ്ദേഹം സാമൂഹ്യവും സാംസ്കാരികവുമായ കാര്യങ്ങളിൽ ഒരു പുരോഗമനവാദിയായിരുന്നു. സുറിയാനിയിൽമാത്രം കുർബാന ചൊല്ലിയിരുന്ന അക്കാലത്ത് കുർബാനയ്ക്കു കുറെ ഭാഗങ്ങളെങ്കിലും സുറിയാനിയിൽ വായിച്ചു മനസ്സിൽ സംഗ്രഹിച്ചശേഷം അദ്ദേഹം ജനങ്ങൾക്കു മനസ്സിലാകുവാനായി മലയാളത്തിൽ പരിഭാഷപ്പെടുത്തി ചൊല്ലുമായിരുന്നു. ഇത് ചില യാഥാസ്ഥിതികർ ഇഷ്ടപ്പെട്ടില്ലായിരുന്നുവെങ്കിലും അച്ചൻ അതു കൂട്ടാക്കിയിരുന്നില്ല. ജനങ്ങൾക്കു മനസ്സിലാകുവാൻവേണ്ടി ഭാഗികമായെങ്കിലും മലയാളത്തിൽ കുർബാന ചൊല്ലുവാൻ ആരംഭിച്ച കേരളത്തിലെ അപൂർവ ആദ്യവൈദികരിൽ ഒരാളാണ് പൂതികോട്ട് ചെറിയാൻ തോമസച്ചൻ. ഏവൻഗോലിയോനും മലയാളവേദപുസ്തകത്തിൽനിന്നു വായിച്ചശേഷം വായിച്ച ഭാഗങ്ങളെപ്പറ്റി പ്രൗഢമായ സന്ദേശവും എല്ലാ ആഴ്ചയും മേപ്രാൽപള്ളിയുടെ ആദ്യവികാരിയായിരുന്ന പൂതികോട്ടച്ചൻ നല്കുമായിരുന്നു. അദ്ദേഹം ഉപയോഗിച്ചിരുന്ന ബെഞ്ചമിൻ ബെയ്‌ലി പ്രസിദ്ധീകരിച്ച ആദ്യമലയാളവേദപുസ്തകത്തിന്റെ ഒരു കോപ്പി അച്ചനപ്പച്ചന്റെ അതിമനോഹരമായ വളവര പെട്ടിക്കുള്ളിൽ ഞങ്ങളുടെ വീട്ടിൽ സൂക്ഷിച്ചിരുന്നു. അത് ഇന്ന് എന്റെ സഹോദരിയുടെ കൈവശമാണെന്നു തോന്നുന്നു.

പ്രൊട്ടസ്റ്റന്റ് മിഷനറിമാർ ഇറക്കിയ മലയാളം ബൈബിൾ ഉപയോഗിക്കുന്നതും അക്കാലത്ത് യാഥാസ്ഥിതികരിൽ ചിലർക്ക് പൂർണ്ണതൃപ്തികരമായിരുന്നില്ല. എന്നാൽ പൂതികോട്ടച്ചൻ ഉപയോഗിക്കുവാൻ ആരംഭിച്ചശേഷം 125 വർഷങ്ങൾക്കുശേഷവും ഇന്നും യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങൾ രണ്ടും പ്രൊട്ടസ്റ്റന്റുകാർ പ്രസിദ്ധീകരിച്ച ബൈബിളാണ് ഉപയോഗിക്കുന്നത് എന്നതാണ് വാസ്തവം.

## പരുമല തിരുമേനിയും പൂതികോട്ടച്ചനും

പൂതികോട്ടച്ചനേക്കാൾ പ്രായക്കുറവായിരുന്നെങ്കിലും ചത്തുരുത്തിൽ ഗീവറുഗീസ് ഗ്രീഗോറിയോസിനെ (പരുമല തിരുമേനി) പരിശുദ്ധ പത്രോസ് ത്രിതീയൻ ബാവ പട്ടം കൊടുത്ത് നിരണം ഇടവകയ്ക്കു

മെത്രാപ്പോലീത്തയായി നിയമിച്ചാക്കിയതുമുതൽ പൂതികോട്ടച്ചനും തിരുമേനിയുമായി സുദൃഢമായ ആത്മബന്ധം നിലനിന്നിരുന്നു. തന്റെ ഭദ്രാസന മേലധ്യക്ഷൻ എന്ന നിലയിൽ പരുമല കൊച്ചുതിരുമേനിയെ ആദരിക്കാനും അനുസരിക്കുവാനും വേണ്ട സഹായസഹകരണങ്ങൾ നല്കുവാനും പൂതികോട്ടച്ചൻ എപ്പോഴും തയ്യാറായിരുന്നു. പരുമല തിരുമേനിയുടെ 1885-ലെ യെരുശലേം യാത്രയ്ക്കുമുമ്പ് തിരുമേനിയെ മേപ്രാൽ പള്ളിയിൽ ക്ഷണിച്ചു വരുത്തി യാത്രയ്ക്കുള്ള ചിലവിലേക്കായി ഒരു തുക സംഭാവനചെയ്യുവാനും പൂതികോട്ടച്ചൻ മുൻകയ്യെടുത്തു. 1876-ലെ മുളന്തുരുത്തി സുന്നഹദോസിൽവച്ച് പരിശുദ്ധ പത്രോസ് പാത്രിയർക്കീസ് വാഴിച്ച് കല്പിച്ചു നിയമിച്ചാക്കിയ എല്ലാ മെത്രാപ്പോലീത്തമാരുമായും വിശുദ്ധനാട്ടിൽനിന്നും കാലാകാലങ്ങളിൽ സന്ദർശനത്തിനെത്തിയിട്ടുള്ള ആത്മീയ പിതാക്കന്മാരുമായും വളരെയടുത്ത സ്നേഹബന്ധങ്ങൾ പൂതികോട്ടച്ചൻ പുലർത്തിയിരുന്നു. ഒരു പ്രഗത്ഭപ്രഭാഷകനായി മലങ്കരസഭ മുഴുവൻ അറിയപ്പെട്ടിരുന്ന പൂതികോട്ടച്ചൻ, ക്ഷണം സ്വീകരിച്ച് വിവിധ ഭദ്രാസനങ്ങളിലെ ഇടവകകൾ സന്ദർശിച്ച് സുറിയാനി യാക്കോബായ സത്യവിശ്വാസത്തിൽ ഉറച്ചു നില്ക്കുവാൻ സഭാജനങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശം നല്കിയിരുന്നു.

## പൂതികോട്ടച്ചനും പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്തയും

പൂതികോട്ട് ചെറിയാൻ തോമസച്ചൻ മേപ്രാൽപള്ളിയുടെ വികാരിയായി പ്രവർത്തിക്കുന്ന ആദ്യകാലങ്ങളിൽ, 1843-ൽ അന്ത്യോഖ്യാ പാത്രിയർക്കീസിൽനിന്നും മെത്രാൻപട്ടം സ്വീകരിച്ചു തിരിച്ചെത്തിയ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് ആയിരുന്ന മലങ്കര മെത്രാപ്പോലീത്ത. അദ്ദേഹം കേരളത്തിലെ പ്രൊട്ടസ്റ്റന്റ് നവീകരണപ്രസ്ഥാനത്തിന്റെ പിതാവായിരുന്ന പാലക്കുന്നത്ത് ഏബ്രഹാം മല്പാന്റെ സഹോദരപുത്രനായിരുന്നതിനാൽ മലങ്കരസഭയെയും പ്രൊട്ടസ്റ്റന്റ് നവീകരണത്തിലേക്കു നയിക്കുമോ എന്നു ചിലർ ഭയപ്പെട്ടിരുന്നു. മെത്രാപ്പോലീത്തയുടെ ചില ചെയ്തികൾ ഈ സംശയം വർദ്ധിപ്പിക്കുകയും ചെയ്തു. എങ്കിലും മെത്രാപ്പോലീത്തായെ പ. പാത്രിയർക്കീസു ബാവ ഔദ്യോഗമായി മുടക്കിയിരുന്നില്ല. മാത്രവുമല്ല, അത്താനാസ്യോസ് അവസാനംവരെ യാക്കോബായ ക്രമത്തിൽ ശ്രുശ്രൂഷകൾ നിർവഹിച്ചിരുന്നതിനാൽ ഏബ്രഹാം മല്പാൻ അദ്ദേഹത്തിൽനിന്നും കുർബ്ബാനയോ മറ്റു കൂദാശകളോ സ്വീകരിച്ചിരുന്നില്ല.

മാത്യൂസ് മാർ അത്താനാസ്യോസ് തിരുവിതാംകൂർ കൊച്ചി രാജാക്കന്മാരിലും ബ്രിട്ടീഷ് അധീശ ഗവൺമെന്റിലും വളരെ സ്വാധീനമുള്ള വ്യക്തിയായിരുന്നു. സാമൂഹ്യസാംസ്കാരികരംഗങ്ങളിൽ കേരളത്തിലെ

എല്ലാ ക്രിസ്ത്യാനികൾക്കും അദ്ദേഹം നേതൃത്വം നല്കിയിരുന്നു. സഭാവിഭാഗവ്യത്യാസം കൂടാതെ കേരളത്തിലെ എല്ലാ ക്രിസ്ത്യാനികളുടെയും ആരാധനാലയങ്ങൾ സംരക്ഷിക്കുന്നതിനും, ക്രിസ്ത്യാനികളെ കൊണ്ട് അമ്പലങ്ങളിൽ അക്കാലത്ത് ചെയ്യിപ്പിച്ചിരുന്ന പൂഴിവേലകൾ അവസാനിപ്പിക്കുന്നതിനും, ഞായറാഴ്ച ക്രിസ്ത്യാനികൾക്ക് പൊതു ഒഴിവുദിവസമാക്കുന്നതിനുമെല്ലാം മെത്രാപ്പോലീത്ത നല്കിയ നേതൃത്വം വില തീരാത്തതാണ്.

അത്താന്നാസ്യോസ് മെത്രാപ്പോലീത്തയുടെ വേദശാസ്ത്രപരമായ നവീകരണതത്ത്വങ്ങളോട് പൂതികോട്ടച്ചന് ഭിന്നാഭിപ്രായം ഉണ്ടായിരുന്നു. എന്നാൽ സാമൂഹ്യസാംസ്കാരിക-രാഷട്രീയ രംഗങ്ങളിൽ അത്താന്നാസ്യോസ് തിരുമേനിയെ പിന്തുണക്കുന്നതാവും കേരളത്തിൽ പൊതുവെ ക്രിസ്ത്യാനികൾക്കെല്ലാം ഗുണകരം എന്നു പൂതികോട്ടച്ചൻ കരുതി. ഈ രംഗങ്ങളിൽ പാലക്കുന്നത്തു മെത്രാനോടൊപ്പം പൂതികോട്ടച്ചൻ നില്ക്കുകയും ചെയ്തു. വിശാലഅർത്ഥത്തിൽ കേരളത്തിലെ ആദ്യത്തെ എക്യുമെനിക്കൽ ചിന്താഗതിക്ക് പൂതികോട്ടച്ചൻ രൂപം നല്കിയെന്നു പറയാം.

മാത്യൂസ് മാർ അത്താന്നാസ്യോസിനെക്കുറിച്ച് തുടരെ ഉണ്ടായ പരാതികളെ തുടർന്ന് പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് 1865-ൽ അന്ത്യോഖ്യസിംഹാസനകേന്ദ്രത്തിലെത്തിയ പുലിക്കോട്ടിൽ ജോസഫ് റമ്പാന് മെത്രാൻ പട്ടം നല്കി ജോസഫ് ദീവന്നാസ്യോസ് എന്ന പേരിൽ കേരളത്തിലേക്കയച്ചു. പരിശുദ്ധ അന്ത്യോഖ്യസിംഹാസനത്തിൽനിന്നു നിയമിച്ചയക്കുന്ന മറ്റെല്ലാ മെത്രാൻമാരോടും എന്നപോലെ ജോസഫ് മാർ ദീവന്നാസ്യോസിനോടും പുതികോട്ടച്ചൻ നല്ല ബന്ധവും വിധേയത്വവും പുലർത്തി.

## മേപ്രാൽപള്ളിയിലുണ്ടായ ചില പ്രശ്നങ്ങൾ

കണിയാന്ത്ര പടിഞ്ഞാറെവീട്ടിൽ കുടുംബാംഗവും നിരണം പള്ളി വികാരിയുമായിരുന്ന നൈനാൻ കത്തനാരുമായി പൂതികോട്ടച്ചൻ വളരെ രമ്യതയിലും സ്നേഹത്തിലും കഴിഞ്ഞിരുന്നു. യാക്കോബായ വിശ്വാസ ആചാരങ്ങളിലും പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സാർവത്രികസഭമേലുള്ള ആത്മീയ മേലധികാരത്തിലും ഇവർ രണ്ടുപേരും ദൃഢമായി വിശ്വസിച്ചിരുന്നു. പടിഞ്ഞാറെവീട്ടിൽ നൈനാൻ കത്തനാർ 1885-ൽ മരിച്ചു. അതിനുശേഷം കണിയാന്ത്ര കുടുംബത്തിൽ നിന്നും വൈദികനായ വാതപ്പള്ളിൽ നൈനാൻ കത്തനാരുമായി ഇടവകയിൽ ചില പ്രശ്നങ്ങളുണ്ടായി. വാതപ്പള്ളിൽ നൈനാൻ കത്തനാരുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാൻ മേപ്രാൽ പള്ളിയുടെ കാര്യങ്ങളിൽ അനധികൃതമായി

ഇടപെടുന്നതിനെ പുതികോട്ടച്ചൻ എതിർത്തു. ഒരു റമ്പാൻ മാത്രമായിരിക്കെ, പുലിക്കോട്ട് ജോസഫ് ദിവന്നാസ്യോസുമായുള്ള ബന്ധം ഉപയോഗിച്ച് മേപ്രാൽ പള്ളിയുടെ കാര്യങ്ങളിൽ വട്ടശേരിൽ റമ്പാൻ ഇടപെടുന്നതു അനുവദിക്കാൻ പൂതികോട്ടച്ചൻ തയാറായിരുന്നില്ല. ഇതെല്ലാം മേപ്രാൽ ഇടവകയിൽ ഭിന്നതകൾ സൃഷ്ടിച്ചു. പൂതികോട്ടച്ചൻ വിശുദ്ധ കുർബാനയിൽ കുറച്ചു ഭാഗങ്ങളിൽ മലയാളം ഉപയോഗിക്കുന്നതും പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസുമായുള്ള സാമൂഹ്യരംഗത്തെ ബന്ധങ്ങളും തെറ്റായി വ്യാഖ്യാനിച്ച് പുലിക്കോട്ടു ദിവന്നാസ്യോസ് മെത്രാനെ തെറ്റിദ്ധരിപ്പിക്കുന്നതിലും പ്രതിയോഗികൾ ഒരു പരിധിവരെ വിജയിച്ചു. പുലിക്കോട്ടിൽ ദിവന്നാസ്യോസ് മെത്രാപ്പോലീത്തയുടെ മരണശേഷം വട്ടശ്ശേരിൽ റമ്പാൻ പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിൽനിന്നും പാത്രീയർക്ക് ആസ്ഥാനത്തെത്തി മലങ്കരമെത്രാപ്പോലീത്ത സ്ഥാനം സ്വീകരിച്ചതോടുകൂടി പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമായി.

സഭയുടെ പലഭാഗങ്ങളിലും ഇതുപോലെയുണ്ടായ പ്രശ്നങ്ങൾ പഠിച്ചു സഭയിൽ സമാധാനം സൃഷ്ടിക്കുവാൻ മലങ്കരയിലെത്തിയ പരിശുദ്ധ അന്ത്യോഖ്യ പാത്രിയർക്കീസ് ഇഗ്നാത്യോസ് അബ്ദേദ് ആലോഹോ II 1910-ൽ കേരളത്തിലെത്തി. പാത്രിയർക്കീസ് ബാവ പൂതിക്കോട്ടച്ചനെയും വട്ടശ്ശേരിൽ മെത്രാച്ചനെയും കണിയാന്ത്ര വാതപ്പള്ളിൽ നൈനാൻ കത്തനാരെയും അദ്ദേഹം താമസിച്ചിരുന്ന പുതുപ്പള്ളി പള്ളിയിൽ വിളിച്ചു വരുത്തി വിശദമായ അന്വേഷണവും തെളിവെടുപ്പും നടത്തി. അതിനുശേഷം വിശ്വാസവിപരീതമായ പ്രവർത്തനങ്ങൾക്കായി വട്ടശ്ശേരിൽ മെത്രാച്ചനെയും നൈനാൻ കത്തനാരെയും സഭയിൽനിന്നു മുടക്കി. യാക്കോബായ സഭയുടെ വിശ്വാസ ആചാരങ്ങളിൽ ഉറച്ചുനിന്ന് ത്യാഗപൂർവം നടത്തുന്ന സഭാസേവനങ്ങൾ കണക്കിലെടുത്ത് പൂതികോട്ടച്ചനെ പരിശുദ്ധ പാത്രിയർക്കീസുബാവ കോർഎപ്പിസ്കോപ്പാസ്ഥാനം നല്കി ആദരിച്ചു.

## ഒരു നല്ല കുടുംബനാഥൻ

നല്ല വൈദികനെന്നപോലെ പൂതികോട്ടച്ചൻ ഒരു നല്ല കുടുംബനാഥൻ കൂടിയായിരുന്നു. തന്റെ മക്കളെയും കൊച്ചുമക്കളെയും സത്യവിശ്വാസത്തിലും ജീവിതവിശുദ്ധിയിലും വളർത്തുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. പൂതികോട്ടച്ചന്റെ ഐഹികജീവിതം അവസാനിച്ച് അനേകവർഷങ്ങളും തലമുറകളും കടന്നുപോയിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ പിൻമുറക്കാർ തങ്ങളുടെ മഹാനായ പിതാമഹനെ സ്നേഹാദരവുകളോടെ ഇന്നും സ്മരിക്കുന്നു.

പൂതികോട്ടച്ചന്റെ രണ്ടാമത്തെ പുത്രനായ എന്റെ പിതാമഹൻ കുഞ്ഞുവർക്കിയച്ചൻ (പി.റ്റി. വർക്കി) എല്ലാദിവസവും സന്ധ്യാപ്രാർത്ഥ

നയ്ക്കുശേഷം ഏതാനും മിനിറ്റുനേരം തന്റെ പിതാവിന്റെ ചിത്രത്തിനു മുമ്പിൽ നമ്രശിരസ്കനായി ധ്യാനിച്ച് പ്രാർത്ഥനാപൂർവം നില്ക്കുന്നത് എന്റെ ചെറുപ്പകാലത്തെ ഓർമ്മകളിൽ മങ്ങാതെ ഇന്നും നില്ക്കുന്നു. നമ്മുടെ അച്ചനപ്പച്ചൻ ഇന്നു നമ്മോടൊപ്പമില്ലെങ്കിലും എല്ലാദിവസവും പ്രാർത്ഥനാവേളയിൽ ആത്മാവിൽ നമ്മോടൊപ്പം നിന്ന് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്ന് എന്റെ പിതാമഹൻ പറയുമായിരുന്നു. 90-ാം വയസ് അടുത്തപ്പോഴും ഞങ്ങളുടെ അപ്പച്ചൻ ഇതു തുടർന്നുകൊണ്ടിരുന്നു.

എന്റെ പിതൃസഹോദരനായിരുന്നു ഉണ്ണിയച്ചൻ (പി.വി. ചെറിയാൻ) പറഞ്ഞിട്ടുള്ള ഒരു അനുഭവംകൂടി ഇവിടെ കുറിക്കട്ടെ. രണ്ടാം ലോകമഹായുദ്ധകാലത്ത് ജപ്പാൻകാരുടെ തടവുകാരനായി സിംഗപ്പൂരിൽ കഴിയുന്ന സമയം. തടവുചാടുവാൻ ശ്രമിച്ചു എന്ന കുറ്റത്തിന് അദ്ദേഹത്തെ വെടിവച്ചുകൊല്ലുവാൻ ജാപ്പനീസ് സൈനിക ഉദ്യോഗസ്ഥൻ വിധിച്ചു, ദിവസും നിശ്ചയിച്ചു. ശിക്ഷ നടപ്പാക്കേണ്ട ദിവസം ഒരു ഉന്നത സൈനികോദ്യോഗസ്ഥൻ ജയിലറ സന്ദർശിക്കുമ്പോൾ ഉണ്ണിയച്ചനുപ്പാപ്പൻ ഇയാളുടെ സന്ദർശനം അറിയാതെ അച്ചനപ്പച്ചന്റെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചുകൊണ്ട് മുട്ടിന്മേൽ നില്ക്കുകയാണ്. ഇതുകണ്ടശേഷം പോയ സൈനികോദ്യോഗസ്ഥൻ തിരികെ വന്നു പറഞ്ഞു 'പ്രാർത്ഥിച്ചു നില്ക്കുന്ന നിന്നെ കണ്ടപ്പോൾ നിന്റെ വധശിക്ഷ നടപ്പാക്കരുതെന്ന് എന്റെ മനസു പറയുന്നു എന്ന്.' വധശിക്ഷ റദ്ദാക്കപ്പെട്ടശേഷം രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടൻ സിംഗപ്പൂർ പിടിച്ചെടുത്തു തടവുകാരെയെല്ലാം മോചിപ്പിക്കുന്നതുവരെ അപ്പാപ്പൻ പ്രാർത്ഥനയിലും ധ്യാനത്തിലും സമാധാനത്തോടെ ജയിൽജീവിതം കഴിച്ചുകൂട്ടി.

## ആത്മീയ പിതാവിന്റെ അന്ത്യദിനങ്ങൾ

സഭയുടെയും സമൂഹത്തിന്റെയും രാജ്യത്തിന്റെതന്നെയും സംഭവബഹുലമായ ഒരു കാലഘട്ടത്തിൽ കർത്തവ്യനിരതമായ ഒരു പുണ്യജീവിതമാണ് പുതികോട്ട് ചെറിയാൻ തോമസ് കോർഎപ്പിസ്കോപ്പാ നയിച്ചത്. ജാതിമതഭേദമെന്യേ സമൂഹം അദ്ദേഹത്തെ സ്നേഹിച്ചാദരിച്ചിരുന്നു.

ഏതു പ്രതിസന്ധിഘട്ടത്തിലും സമചിത്തതയും തന്നെ എതിർക്കുന്നവരോടുപോലും സ്നേഹവും അദ്ദേഹം പുലർത്തിയിരുന്നു എന്നതിന്റെ ഒരു ഉദാഹരണവുംകൂടി പറയട്ടെ. ഏതോ കാരണവശാൽ മേപ്രാൽ പള്ളിയിൽ സംഘർഷം നിലനില്ക്കുന്ന ഒരു ദിവസം പൂതികോട്ടച്ചന്റെ പുത്രനായ എന്റെ പിതാമഹൻ കുഞ്ഞുവർക്കിയച്ചൻ പള്ളിയിലേക്കു തിരിക്കുന്നതിനുമുമ്പ് അച്ചൻ തന്റെ മകനെ ഉപദേശിച്ചു.

"പള്ളിയിലായിരിക്കുമ്പോൾ എതിരാളികളായ കണിയാന്ത്രകുടുംബത്തിലുള്ള പ്രായമായവർ ആരെങ്കിലും നിന്നെ എതിർക്കുകയോ ഭത്സിക്കുകയോ ചെയ്താൽ നീ എതിർക്കരുത്. കണിയാന്ത്രകുടുംബത്തിലുള്ള പ്രായമായവർ, എതിരാളികൾ ആണെങ്കിൽപോലും നിന്റെ അമ്മയുടെ സഹോദരസ്ഥാനീയർ തന്നെയെന്നോർത്ത് അവരോടു സ്നേഹത്തോടും ബഹുമാനത്തോടും പെരുമാറണം. എന്നാൽ അശരണരുടെയോ ശക്തിഹീനരുടെയോ സഹായത്തിനെത്താൻ മടിക്കുകയുമരുത്."

പൂതികോട്ടച്ചന്റെ പിതൃസഹോദന്മാരിൽ മൂന്നുപേരും മറ്റു ചില ബന്ധുക്കളും നവീകരചായ്വ് ഉണ്ടായിരുന്നവരായിരുന്നെങ്കിലും അവർക്കെല്ലാം അവസാനംവരെ ആത്മീയ പിതാവായിരുന്നു അദ്ദേഹം. മേപ്രാൽ മാർത്തോമ്മ ഇമ്മാനുവേൽപള്ളി പണി തീരുന്നത് 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ മാത്രമാണ്. അത്രയുംകാലം എല്ലാവർക്കും ആത്മീയശുശ്രൂഷയും വിശുദ്ധ കൂദാശകളും നല്കിയിരുന്നത് പൂതികോട്ട് ചെറിയാൻ തോമസ് കോർഎപ്പിസ്കോപ്പാ ആയിരുന്നു എന്ന് 50 വർഷങ്ങൾക്കുമുമ്പ് പ്രസിദ്ധീകരിച്ച മേപ്രാൽ മാർത്തോമ്മ പള്ളിയുടെ ഒരു പ്രസിദ്ധീകരണത്തിൽ കൃതജ്ഞതയോടെ അനുസ്മരിക്കുന്നുണ്ട്.

മതസാമുദായികവ്യത്യാസങ്ങളൊന്നും കൂടാതെ രോഗികളെ അദ്ദേഹം സന്ദർശിച്ച് പ്രാർത്ഥിക്കുമായിരുന്നു. അക്കാലത്ത് വസൂരി ബാധിച്ച് ഒരാൾ മരിച്ചാൽ അടുത്ത ബന്ധുക്കൾപോലും ശവസംസ്കാര ചടങ്ങിൽ ഭയംമൂലം സംബന്ധിക്കില്ലായിരുന്നു. അത്തരം ശവസംസ്കാരം നടത്തുവാൻ വൈദികരെയും ലഭിക്കില്ലായിരുന്നു. വസൂരിമൂലം മരിക്കുന്നവരുടെ ശവസംസ്കാരം സഭാവ്യത്യാസംകൂടാതെ പൂതികോട്ട് വല്ല്യച്ചൻ പോയി നടത്തിക്കൊടുക്കുമായിരുന്നു. ഇത്തരം ശവസംസ്കാരങ്ങൾക്കായി ദൂരെ പ്രദേശങ്ങളിലേക്കും അദ്ദേഹം പോകുമായിരുന്നു.

സഭാസംബന്ധമായ ഒരു യാത്രയ്ക്കുശേഷം തിരിച്ചെത്തിയപ്പോഴാണ് പൂതികോട്ട് വല്ല്യച്ചൻ പെട്ടെന്ന് രോഗബാധിതനാകുന്നത്. അക്കാലത്ത് ദേശവ്യാപകമായി പടർന്നിരുന്ന ഉദരസംബന്ധമായ ഏതോ പകർച്ചവ്യാധിയായിരുന്നു രോഗമെന്നു തോന്നുന്നു. മരണം പെട്ടെന്നായിരുന്നു.

അച്ചനപ്പച്ചൻ മരിക്കുമ്പോൾ 8 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന അച്ചന്റെ പൗത്രനും എന്റെ പിതാവുമായ കുഞ്ഞൂഞ്ഞ് (പൂതികോട്ട് പുത്തൻപുരയ്ക്കൽ പി.വി. തോമസ്) ആ ദിവസം വ്യക്തമായി ഓർത്ത് എന്നോട് പറഞ്ഞിട്ടുണ്ട്. എന്റെ പിതാവിന്റെ ഇളയസഹോദരി അന്നമ്മ (കോട്ടയത്ത് പുളക്കൽ ജേക്കബ് ഇട്ടിയവരയുടെ ഭാര്യ) ജനിച്ചതിന്റെ

സന്തോഷത്തിൽ കഴിയുന്നദിവസം തന്നെയാണ് തന്നെ ഏറെ സ്നേഹിച്ചിരുന്ന പിതാമഹൻ മരിച്ചതെന്നു എന്റെ പിതാവു പറയുമായിരുന്നു. തുടർന്നു വീട്ടിലേക്ക് ജാതിമതസഭാവ്യത്യാസംകൂടാതെ ഒരു ജനപ്രവാഹമായിരുന്നു തങ്ങളുടെ പ്രിയപ്പെട്ട പൂതികോട്ട് വല്ല്യച്ചന് ആദരമർപ്പിച്ച് അന്ത്യയാത്ര പറയുവാൻ. മേപ്രാൽ സെന്റ് ജോൺസ് പള്ളി ഏതോ കാരണത്താൽ ഒരു വർഷത്തോളം പൂട്ടിയിടേണ്ടി വന്നപ്പോൾ തന്റെ വീടിനു മുമ്പിൽ പന്തലിട്ട് അവിടെ വിശുദ്ധ കുർബാനയർപ്പിച്ച് വിശ്വാസികളെ സേവിച്ച ആത്മീയപിതാവിന്റെ നിശ്ചലശരീരത്തിനു മുമ്പിലെത്തിയ സഭാംഗങ്ങളെല്ലാം സ്ത്രീപുരുഷഭേദമെന്യെ പൊട്ടിക്കരഞ്ഞു. ജീവിച്ചിരുന്നപ്പോൾ സഭാസംബന്ധമായി ചില അഭിപ്രായവ്യത്യാസങ്ങൾ പുലർത്തിയിരുന്ന കണിയന്ത്ര, മണമേൽ കുടുംബാംഗങ്ങളും മേപ്രായിലെ മാർത്തോമ്മാ സഭാംഗങ്ങളും സെന്റ് ജോൺസ് യാക്കോബായ ഇടവകാംഗങ്ങളോടു ചേർന്ന് എല്ലാവർക്കും എന്നും പ്രിയംകരനായിരുന്ന പൂതികോട്ട് വല്യച്ചന് 1912 മെയ്മാസത്തിലെ ഗീവറുഗീസ് സഹദായുടെ പെരുന്നാൾദിവസം (മകരം7) അന്ത്യയാത്ര നല്കി.

പൂതികോട്ട് കുടുംബത്തിൽപെട്ട എല്ലാ ഭവനങ്ങൾക്കും തിരിച്ചറിയുവാൻ പ്രത്യേകം പ്രത്യേകം ശാഖാപേരുകളുണ്ടെങ്കിലും ഞങ്ങളുടെ ഭവനം അറിയപ്പെട്ടിരുന്നത് “പൂതികോട്ട് അച്ചന്റങ്ങത്ത്” എന്നാണ്. പൂതികോട്ട് വല്യച്ചൻ മരിച്ചിട്ട് 100 വർഷം തികയുന്നു. ഞങ്ങളുടെ കുടുംബത്തിലും സമീപദേശങ്ങളിലും മറ്റും ധാരാളം വൈദികരുണ്ടായി. എങ്കിലും വളരെക്കാലങ്ങൾക്കുശേഷവും ഞങ്ങളുടെ വീട് പൂതികോട്ട് ‘അച്ചന്റങ്ങത്ത്’ ആയിരുന്നു. മഹാനായ ആ പ്രിയ പിതാമഹന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു, പ്രാർത്ഥിക്കുന്നു.

# മേപ്രാൽ സെന്റ് ജോൺസ് യാക്കോബായ വലിയപള്ളി

**"സ്വർഗ്ഗം എനിക്കു സിംഹാസനം ഭൂമി എന്റെ പാദപീഠവു മാകുന്നു. നിങ്ങൾ എനിക്കു പണിത ആലയം ഏതുവിധം? ഇതൊക്കെ എന്റെ കൈവേലയാലല്ലോ ഉണ്ടാക്കിയത്."**
***(അപ്പസ്തോലപ്രവൃത്തികൾ 7:47)***

മേപ്രാൽ സെന്റ് ജോൺസ് യാക്കോബായ പള്ളി വലിയപള്ളി എന്ന പേരിലാണ് ഇടവകക്കാരുടെയും നാട്ടുകാരുടെയും ഇടയിൽ അറിയപ്പെടുന്നത്. ലോകത്തിലെ വലിയ ദേവാലയങ്ങളായ റോമിലെ St. Peter's Baslica-യോ ലണ്ടനിലെ St. Paul's Cathedral-ലോ ഇൻഡ്യ യിൽതന്നെയുള്ള പ്രധാനപ്പെട്ട മറ്റ് ദേവാലയങ്ങളോ സന്ദർശിച്ചി ട്ടുള്ളവർക്ക് മേപ്രാൽ സെന്റ് ജോൺസ് പള്ളി വളരെ ചെറിയ ഒരു പള്ളിയായി തോന്നിയേക്കാം. മറ്റു വലിയ ദേവാലയങ്ങൾക്കുള്ളിലുള്ള ചെറിയ ചാപ്പലുകളേക്കാൾ ചെറുതായ ഒരു പള്ളി.

എങ്കിലും മേപ്രായിലെ യാക്കോബായ സഭാവിശ്വാസികളുടെ ഹൃദയത്തിൽ ഇതാണ് അവർക്ക് ഏറ്റവും വലിയ പള്ളി. ഞാൻ ഉൾപ്പെടെ ഇന്ന് ഇന്ത്യയുടെ അകത്തും പുറത്തും ജീവിക്കുന്ന അനേ കർക്ക് അവരുടെ കുടുംബചരിത്രവുമായി അഭേദ്യമായി ബന്ധമുള്ള പള്ളിയാണിത്.

ഈ പള്ളിയിൽ പ്രവേശിക്കുമ്പോഴെല്ലാം പള്ളിയുടെ മുകൾ കൂരയ്ക്കു താഴെയുള്ള ഉത്തരതടികളിലേക്കു ഞാൻ നോക്കി നില്ക്കാ റുണ്ട്. ആ തടികൾ ഞങ്ങളുടെ അനേക തലമുറകളിലെ സന്തോഷ സന്താപവേളകൾക്ക് സാക്ഷ്യം നിന്നിട്ടുണ്ട്. വിവാഹമാമ്മോദീസാവേള കളിലെ സന്തോഷവും പ്രിയപ്പെട്ടവരുടെ ശവസംസ്കാരവേളകളിലെ ദുഃഖവും ആ തടികൾ അനേക തലമുറകളിലായി ദർശിച്ചിട്ടുണ്ട്. സെന്റ് ജോൺസ് യാക്കോബായ പള്ളി അംഗങ്ങളായ അനേകരുടെ പല തല മുറകളിലെ മാതാപിതാക്കളും ബന്ധുക്കളും ഈ പള്ളിയുടെ സെമ റ്ററിയിലെ മണ്ണിൽ അന്ത്യവിശ്രമംകൊള്ളുന്നു. അതിനാൽ മേപ്രാൽ വലിയപള്ളിക്കു ചുറ്റുമുള്ള മണ്ണ് ഞങ്ങൾക്ക് മറ്റെന്തിനേക്കാൾ പരി പാവനവും പവിത്രവുമാണ്.

വാമൊഴിയായും വരമൊഴിയായും നമുക്കു ലഭിച്ചിട്ടുള്ള അറിവുകൾ അനുസരിച്ച് നമ്മുടെ പൂർവികരുടെ 150-ലേറെ വർഷത്തെ മതപരവും സാമൂഹ്യവും സാംസ്കാരികവുമായ ചരിത്രങ്ങൾ ഈ പള്ളിയുടെ ചരിത്രത്തിന്റെ ഭാഗമാണ്.

## മേപ്രാൽ ഗ്രാമം

കുട്ടനാട്ടിൽ പമ്പാനദിയുടെ ഒരു ശാഖയുടെ ഉപശാഖയായ മേപ്രാൽ തോടിന്റെ രണ്ടു വശങ്ങളിലുമായി 1.9 ചതുരശ്രമൈൽ മാത്രം വിസ്തീർണ്ണമുള്ള ഒരു കൊച്ചു ഗ്രാമമാണ് മേപ്രാൽ. വെള്ളത്തിനടിയിൽനിന്നും കാലാകാലങ്ങളായി മനുഷ്യപ്രയത്നം മൂലം നികത്തിയെടുത്തതാണ് മേപ്രാലിന്റെ സിംഹഭാഗവുമെന്നു കരുതപ്പെടുന്നു. നെഞ്ചൻകണ്ടം, പായ്കണ്ടം, കോലൻകണ്ടം തുടങ്ങിയ വീടുകളുടെ പേരുകൾ ഒരു കാലത്ത് ഇവയെല്ലാം കണ്ടം നികത്തിയെടുത്ത സ്ഥലത്തു നിർമ്മിച്ചതുകൊണ്ടാവാം എന്നു സൂചിപ്പിക്കുന്നു.

കേരളത്തിലെ സ്ഥലങ്ങളുടെ പേരിന്റെ ഉത്ഭവത്തെപ്പറ്റി ഗവേഷണപഠനം നടത്തിയിട്ടുള്ള ഇടമറുക് ജോസഫിനോട് ഒരിക്കൽ ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് “മേപ്രാൽ” എന്ന നാമം ചെന്തമഴിൽനിന്നുള്ളതാണ്. ‘മേ’ എന്നാൽ പടിഞ്ഞാറെന്നും ‘പ്രാൽ’ എന്നാൽ പ്രദേശം എന്നും അർത്ഥം. അതനുസരിച്ച് തമിഴിൽ ‘പടിഞ്ഞാറുള്ള പ്രദേശം’ എന്നാണ് മേപ്രാൽ എന്ന പേരിന്റെ അർത്ഥം. എ.ഡി. 12-ാം നൂറ്റാണ്ടിനുമുമ്പ് തമിഴ് സംസാരഭാഷയായി കേരളത്തിൽ ഉപയോഗിച്ചിരുന്ന കാലത്തും മേപ്രായിൽ ജനഅധിവാസമുണ്ടായിരുന്നു. 1729-ൽ മാർത്താണ്ഡവർമ്മ മഹാരാജാവ് നാട്ടുരാജ്യങ്ങളെല്ലാം വെട്ടിപിടിച്ച് തിരുവിതാംകൂർ രാജ്യം സ്ഥാപിക്കുന്നതുവരെ മേപ്രാൽ അഴിയിടത്തുചിറ ഇടപ്രഭുവിന്റെ അധീനതയിലായിരുന്നു.

വളരെമുമ്പു മുതൽതന്നെ ക്രൈസ്തവകുടുംബങ്ങൾ മേപ്രായിൽ താമസമുണ്ടായിരുന്നതായി കരുതപ്പെടുന്നു. 15-ാം നൂറ്റാണ്ടിൽ കണിയാന്ത്രകുടുംബത്തിന്റെ പൂർവികർ മേപ്രായിൽ താമസമാക്കിയതായി തെളിവുകളുണ്ട്. എന്നാൽ അതിനു വളരെമുമ്പുതന്നെ കോലത്ത്, പ്ലാമ്മൂട്, പനങ്ങാട്, പനച്ചയിൽ, പണിക്കരുവീട് തുടങ്ങിയ പല ക്രിസ്തീയകുടുംബങ്ങൾ ഇവിടെ താമസിച്ചിരുന്നതായി വാക്മൊഴിയായി ഈ കുടുംബങ്ങൾക്കു ലഭിച്ചിട്ടുള്ള ചരിത്രങ്ങളിൽ പറയുന്നു.

1663-ൽ കുറവിലങ്ങാട്ടുനിന്നു ഇറങ്ങിതിരിച്ച പൂതികോട്ട് കുടുംബത്തിന്റെ പൂർവികർ മൂന്നുതലമുറയോളം തെക്കുംകൂർ രാജാവിന്റെ അധീനതയിലുള്ള ചങ്ങനാശേരി തുടങ്ങിയ പ്രദേശങ്ങളിൽ കഴിഞ്ഞശേഷം 18-ാം നൂറ്റാണ്ടിന്റെ മധ്യത്തിലാവണം മേപ്രായിലെത്തിയതെന്നു കരുതപ്പെടുന്നു.

## മേപ്രാൽപള്ളിയുടെ ആരംഭം

കൊല്ലവർഷം 1021 ധനുമാസം 3-ാം തീയതി (AD 1846) പൂതികോട്ടു കുടുംബസ്ഥാപകനായ കൊച്ചിട്ടി കുരുവിള മരണകിടക്കയിലായിരുന്നു. മരണം എപ്പോൾ വേണമെങ്കിലും സംഭവിക്കാം എന്ന് അദ്ദേഹത്തി നറിയാമായിരുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രകാരനും പൗത്രനുമായ ചാവിടിയിൽ കൊച്ചിട്ടി കുരുവിള അതിനെപ്പറ്റി എഴുതിയിട്ടുണ്ട്.

ജഡ്ജി വല്യപ്പന്റെ മക്കളും കൊച്ചുമക്കളും കിടക്കയ്ക്കു ചുറ്റു മുണ്ടായിരുന്നു. അപ്പോൾ സമയമെത്രയായി എന്നു അദ്ദേഹം ചോദിച്ചു. ആരോ നാലുമണി എന്നു പറഞ്ഞപ്പോൾ, ഇന്നിനി നിരണത്തിനു പോകാൻ സമയമില്ലല്ലോ എന്നു അദ്ദേഹം ആത്മഗതം ചെയ്തു. മരി ച്ചാൽ നിരണംപള്ളിയിൽ അന്നുതന്നെ കൊണ്ടുപോയി കബറടക്കു ന്നതിനു സമയം ശേഷിച്ചിട്ടില്ലല്ലോ എന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. ഇനിയുമുള്ള തലമുറകളിൽ ഇപ്രകാരം സംഭവിക്കാതിരിക്കുവാൻ മേപ്രായിൽ ഒരു പള്ളി സ്ഥാപിക്കണമെന്ന ആഗ്രഹം അദ്ദേഹം തന്റെ മക്കളോടു പറഞ്ഞു. പൂതികോട്ട് ജഡ്ജിയുടെ മക്കൾക്കുള്ള അന്തിമ നിർദ്ദേശവും അതായിരുന്നു.

## നിരണംപള്ളി

സെന്റ് ജോൺസ് പള്ളി പണിയുന്നതിനുമുമ്പ് മേപ്രായിലും പരസര ങ്ങളിലുമുള്ള സുറിയാനിക്രിസ്ത്യാനികളുടെ എല്ലാം ഇടവകപ്പള്ളി നിരണം പള്ളിയായിരുന്നു. നിരണംപള്ളി മാർത്തോമ്മാശ്ലീഹായാൽ എ.ഡി. 52-ൽ സ്ഥാപിതമായതാണെന്നാണ് പാരമ്പര്യവിശ്വാസം.

1663-ൽ കുറവിലങ്ങാടുനിന്നും റോമൻസഭയിൽ ചേരുവാൻ തയാ റല്ലാത്തതിനാൽ ഇറങ്ങിത്തിരിച്ച പൂതികോട്ട് കുടുംബത്തിന്റെ പൂർവ പിതാമഹനും അദ്ദേഹത്തിന്റെ അടുത്ത മൂന്നു തലമുറകളും ചങ്ങനാ ശേരിയിലും അഴിയിടത്തുചിറ പൂതികോട്ട് പുരയിടത്തിലും താമസിച്ചു. മേപ്രാൽ എത്തുന്നതിനുമുമ്പുള്ള മൂന്നുതലമുറകളിൽ ഓരോ തലമുറ യിലും നിരണംപള്ളിയിൽ വികാരിമാരായി ഓരോ വൈദികർ ഉണ്ടാ യിരുന്നു. ഇവരിൽ പൂതികോട്ട് ജഡ്ജിയുടെ പിതാവിന്റെയും പിതാ മഹന്റെയും തലമുറയിൽപ്പെട്ട ഇട്ടിച്ചെറിയ കത്തനാർ, കുരുവിള കുഞ്ഞു തൊമ്മൻ കത്തനാർ എന്നിവരെപ്പറ്റി നിരണം ഗ്രന്ഥാവലിയിലും മറ്റു പുരാതനരേഖകളിലും പറയുന്നുണ്ട്. ഇവരിൽ കുരുവിള കുഞ്ഞു തൊമ്മൻ കത്തനാർ ദിവന്നാസ്യോസ് ഒന്നാമൻ മെത്രാപ്പോലീത്തയുടെ (1765-1808) പ്രധാന സഹായിയായിരുന്നു. ദിവന്നാസ്യോസ് മെത്രാ പ്പോലീത്തയെ റോമൻ കത്തോലിക്കസഭയിൽ നിർബന്ധിച്ചു ചേർക്കു ന്നതിനായി തച്ചിൽ മാത്തു തരകൻ ഉന്നതഅധികാരിയുടെ സഹായ ത്തോടെ നടത്തിയ പീഡനങ്ങളിൽ മലങ്കരമെത്രാപ്പോലീത്തയായ

ദിവന്നാസ്യോസിന് താങ്ങും തണലുമായിനിന്നത് കുരുവിള കുഞ്ഞു തൊമ്മൻ കത്തനാരാണ്. യാക്കോബായസഭയ്ക്കും മെത്രാപ്പോലീത്തായ്ക്കും എതിരായി അധികാരികൾ ചുമത്തിയ ഭീമമായ ഒരു പിഴ അടച്ച് സഭയെയും മെത്രാപ്പോലീത്തയെയും അപകടത്തിൽനിന്നും രക്ഷിച്ചത് പൂതികോട്ടുകുടുംബം മേപ്രാൽ ആരംഭിക്കുന്നതിന് തൊട്ടു മുമ്പുള്ള തലമുറയിൽ ജീവിച്ചിരുന്ന ഈ പ്രഗത്ഭനായ വൈദികനായിരുന്നു.

പൂതികോട്ട് കുടുംബത്തിന്റെ മുൻതലമുറയിലുള്ള വൈദികർക്ക് താമസിക്കുവാനുള്ള ഒരു വീടും സ്ഥലവും നിരണംപള്ളിക്കു സമീപമുണ്ടായിരുന്നു. ഈ സ്ഥലം പിന്നീട് പൂതികോട്ട് ജഡ്ജി നിരണം പള്ളിക്കു സംഭാവനയായി നല്കി.

മേപ്രായും നിരണവും സമീപസ്ഥലങ്ങളായിരുന്നുവെങ്കിലും മഴക്കാലത്തും വെള്ളപ്പൊക്കമുള്ള അവസരങ്ങളിലും മേപ്രായിൽനിന്നും നിരണത്തേക്കുള്ള യാത്ര പ്രയാസകരമായിരുന്നു. ഇതുമൂലം വിവാഹം, മരണം തുടങ്ങിയ അത്യാവശ്യ അവസരങ്ങളിൽ വിശ്വാസികൾക്ക് പല ക്ലേശങ്ങളും ഉണ്ടാകുമായിരുന്നു.

## മേപ്രാൽപള്ളിയുടെ കൂദാശയും ആദ്യകുർബാനയും

പൂതികോട്ട് ജഡ്ജിയുടെ മരണത്തിനുശേഷം 1860-ൽ തന്റെ പിതാവിന്റെ അന്ത്യാഭിലാഷം സാധ്യമാക്കുവാൻ ജഡ്ജിയുടെ മൂന്നാമത്തെ പുത്രനായ ചെറിയാൻ തന്റെ പുത്തൻപുരയ്ക്കൽ ഭവനത്തിൽ സഹോദരരുമായി ചേർന്ന് ഒരു പ്ലാൻ തയാറാക്കി. മേപ്രായിൽ അന്നുണ്ടായിരുന്ന യാക്കോബായ സഭാംഗങ്ങളായ കുടുംബതലവന്മാരെയെല്ലാം പങ്കെടുപ്പിച്ച് അദ്ദേഹം മുന്നോട്ടു നീങ്ങി.

മേപ്രാൽപള്ളി തോടിന്റെ വടക്ക് കരയിലായി പൂതികോട്ട് ജഡ്ജിയുടെ പുത്രന്മാരായ പുത്തൻപുരയ്ക്കൽ ചെറിയാന്റെയും മേടയിൽ കുഞ്ഞക്കോണ്ടയുടെയും പേരിൽ കുറച്ചു സ്ഥലമുണ്ടായിരുന്നു. ദേവാലയം നിർമ്മിക്കുവാൻ ഈ സ്ഥലം ദാനമായി നല്കുവാൻ രണ്ടു സഹോദരന്മാരും തീരുമാനിച്ചു.

ഈ സ്ഥലം പള്ളിക്കു ദാനം നല്കിക്കൊണ്ടുള്ള ആധാരത്തിന്റെ ആലപ്പുഴ ഡിസ്ട്രിക്ട് കോർട്ടിൽനിന്നുള്ള രേഖയുടെ ഒരു കോപ്പി പായ്കണ്ടത്തിൽ പാപ്പച്ചന്റെ (അഡ്വ. ജോർജ്ജ് പി. ചെറിയാൻ) കൈവശമുണ്ട്.

ഈ രേഖകൾ അനുസരിച്ച് കൊണ്ടാശ്ശേരിൽ എന്ന ഒരു ഈഴവ കുടുംബം ആണ് അന്ന് ഈ ഭൂമിയിൽ താമസിച്ചിരുന്നത്. പൂതികോട്ട് ജഡ്ജിയുടെ 4-ാമത്തെ പുത്രനായ കിഴക്കേവീട്ടിൽ (ഇളവിരാലിൽ) കുഞ്ഞൂഞ്ഞച്ചൻ ഈ ഈഴവകുടുംബത്തെ തന്റെ വക മറ്റൊരു ഭൂമിയിൽ

മാറ്റിപാർപ്പിക്കുവാൻ സന്നദ്ധനായി. ഈ കുടുംബത്തെ മാറ്റി താമസിപ്പിച്ചു പള്ളി പണിയുവാൻ ഗവൺമെന്റ് അനുവാദം ലഭിക്കുന്നതിനായി ചെറിയാനും കുഞ്ഞാക്കോണ്ടയും പള്ളി പണിയേണ്ട സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സഹോദരൻ കുഞ്ഞൂഞ്ഞച്ചനു കൈമാറി.

തുടർന്ന് ദേവാലയം പണിയുവാനുള്ള അനുവാദത്തിനായി അഴിമുഖത്ത് കാരണവർ, ഇളവിരാലിൽ കൊച്ചൂഞ്ഞ്, പ്ലാമൂട്ടിൽ ചുമ്മാർ, കണിയാന്ത്ര കിഴക്കേവീട്ടിൽ കുഞ്ഞുതൊമ്മി തുടങ്ങിയവർ ചേർന്ന് ഗവൺമെന്റിലേക്ക് അപേക്ഷ സമർപ്പിച്ചു.

ഇപ്പോഴും വലിയപള്ളി നില്ക്കുന്ന കുപ്പേടത്ത് പുരയിടത്തിന്റെ രേഖകളിലെ ഉടമസ്ഥത പൂതികോട്ട് കുടുംബത്തിലെ ഇളവിരാലിൽ ശാഖയിലാണ്. ഗവൺമെന്റ് റെക്കോഡുകളിൽ 1837-ലെ land Survey പ്രകാരം plot 192/93/438 എന്നാണ് കുപ്പേടത്ത് പുരയിടം രേഖപ്പെടുത്തിയിരിക്കുന്നത്.

ഈ പുരയിടം വാങ്ങി പള്ളി പണിയുവാനുള്ള ശ്രമം നടക്കുന്ന വേളയിൽതന്നെ കണിയാന്ത്രകുടുംബാംഗങ്ങളിൽ ചിലർ മേപ്രായുടെ വടക്കുഭാഗത്ത് ഒരു പള്ളി പണിയുന്നതിനായി ഗവൺമെന്റ് അനുവാദത്തിന് അപേക്ഷിച്ചിരുന്നു. എന്തുകൊണ്ടോ ആ ശ്രമം ഉപേക്ഷിച്ച് കണിയാന്ത്രകുടുംബങ്ങളും പള്ളിതോടിനു സമീപം പണിയുന്ന പള്ളിയിൽ അംഗങ്ങളാകുവാൻ തീരുമാനിച്ചു. കണിയാന്ത്ര കുഞ്ഞുതൊമ്മി കുഞ്ഞുമ്മൻ മേപ്രാൽപള്ളിയുടെ ആദികാലസജീവപ്രവർത്തകരിൽ ഒരാളായിരുന്നു.

വാങ്ങിയ പുരയിടത്തിൽ താല്ക്കാലികമായി ഓലകൊണ്ടു മേഞ്ഞ ഒരു ഷെഡ് നിർമ്മിച്ച് അതിൽ കൊല്ലവർഷം 1036 വൃശ്ചികം 18-ാം തീയതി (എ.ഡി. 1861) നടത്തിയ സന്ധ്യാപ്രാർത്ഥനയായിരുന്നു ഈ പള്ളിയിൽ നടത്തപ്പെട്ട ആദ്യ ശുശ്രൂഷ. അക്കാലത്തെ മലങ്കരമെത്രാപ്പോലീത്ത ആയിരുന്ന പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസാണ് ആദ്യ ശുശ്രൂഷ നടത്തിയത്. പിറ്റേദിവസം പാലക്കുന്നത്തു മെത്രാച്ചൻതന്നെ ആദ്യകുർബാനയും താല്ക്കാലികഷെഡിൽ വച്ചു നടത്തി. ഈ സന്ദർശനവേളയിൽ മെത്രാച്ചൻ താമസിച്ചിരുന്നത് പൂതികോട്ട് ജഡ്ജിയുടെ രണ്ടാമത്തെ പുത്രനായ പുത്തൻവീട്ടിൽ ചാക്കോച്ചന്റെ വസതിയിലാണ്.

അക്കാലത്തെ ചടങ്ങനുസരിച്ച് പുതുതായി ഒരു പള്ളി ആരംഭിച്ചാൽ ആ പള്ളിയിൽ 41 ദിവസം തുടർച്ചയായി കുർബാന ചൊല്ലണമെന്നുണ്ടായിരുന്നു. ഈ ദിവസങ്ങളിൽ കോട്ടയത്ത് ഇടവഴിക്കൽ അച്ചൻ, നിരണംപള്ളി മുക്കിലച്ചൻ, വെണ്ണിക്കുളത്ത് കക്കുഴിയിലച്ചൻ എന്നിവരാണ് വിശുദ്ധ കുർബാനയർപ്പിച്ചത്.

## പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസും അന്ത്യോഖ്യാപാത്രിയർക്കീസിന്റെ പ്രതിനിധി യൂയാക്കീം കൂറിലോസ് ബാവയും

കേരളത്തിലെ സുറിയാനിസഭയിൽ രൂക്ഷമായ അഭിപ്രായഭിന്നതകൾ നിലനിന്ന ഒരു കാലഘട്ടമായിരുന്നു അത്. 1843-ൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് പരിശുദ്ധ അന്ത്യോഖ്യ പാത്രിയർക്കീസ് ഇഗ്നാത്യോസ് ഏലീയാസ് ദ്വിതിയനിൽനിന്നു മെത്രാൻ പട്ടവും മലങ്കരമെത്രാപ്പോലീത്താസ്ഥാനവും സ്വീകരിച്ചു തിരിച്ചെത്തി. അന്ന് 23 വയസുമാത്രമാണ് മെത്രാപ്പോലീത്തയുടെ പ്രായം. അദ്ദേഹം കേരളത്തിലെ പ്രൊട്ടസ്റ്റന്റ് നവീകരണത്തിന്റെ പിതാവായ പാലക്കുന്നത്ത് ഏബ്രഹാം മല്പാന്റെ സഹോദരപുത്രനായിരുന്നതിനാൽ ചെറുപ്പക്കാരനായ മെത്രാച്ചൻ നവീകരണവിശ്വാസത്തിലേക്കു പോകുമോ എന്ന് സ്വാഭാവികമായും പലരും ഭയപ്പെട്ടു. അദ്ദേഹത്തിന്റെ ചില ചെയ്തികളെങ്കിലും ഈ സംശയം വർദ്ധിപ്പിച്ചു.

തുടർന്ന് മെത്രാപ്പോലീത്ത യാക്കോബായ വിശ്വാസത്തിൽനിന്നു വ്യതിചലിക്കുന്നു എന്ന് പല പരാതികളും പാത്രിയർക്കീസ്ബാവയുടെ പേർക്ക് അയയ്ക്കപ്പെട്ടു. ഈ പരാതികളെപ്പറ്റി അന്വേഷിക്കുവാൻ പാത്രിയർക്കീസ് ബാവ 1846-ൽ യൂയാക്കീം കൂറിലോസ് എന്ന സുറിയാനി മെത്രാപ്പോലീത്തയെ കേരളത്തിലേക്കയച്ചു. മാത്യൂസ് മാർ അത്താനാസ്യോസ് യാക്കോബായ വിശ്വാസത്തിൽനിന്നു വ്യതിചലിക്കുന്നതായി തെളിഞ്ഞാൽ കേരളത്തിലെ സഭയുടെ ഭരണം ഏറ്റെടുക്കുവാൻ യൂയാക്കീം കൂറിലോസിന് അനുവാദവും പ. പാത്രിയർക്കീസ് ബാവ എഴുതി നല്കിയിരുന്നു.

തെളിവെടുത്തശേഷം ഇവിടത്തെ വിവരങ്ങൾ പാത്രിയർക്കീസ് ബാവയെ അറിയിച്ചതിനെ തുടർന്ന് മലങ്കരസഭയുടെ ഭരണം ഏറ്റെടുക്കുവാൻ യൂയാക്കീം കൂറിലോസിനോട് പാത്രിയർക്കീസ് ബാവ ആവശ്യപ്പെട്ടു.

മാത്യൂസ് മാർ അത്താനാസ്യോസിനുമുമ്പ് മലങ്കര മെത്രാപ്പോലീത്തയായിരുന്നശേഷം വിശ്രമജീവിതം നയിച്ചിരുന്ന ചേപ്പാട് മാർ ദിവന്നാസ്യോസും യൂയാക്കീം കൂറിലോസ് ഭരണം ഏറ്റെടുക്കണമെന്നപേക്ഷിച്ചുകൊണ്ട് പാത്രിയർക്കീസ് ബാവയ്ക്ക് കത്തയച്ചിരുന്നു. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് പാത്രിയർക്കീസ് ബാവയിൽനിന്ന് സ്ഥാനം സ്വീകരിച്ച് എത്തുമ്പോൾ പൂതികോട്ട് കൊച്ചിട്ടി കുരുവിള ജഡ്ജിക്ക് യുവാവായ പുതിയ മെത്രാപ്പോലീത്തയെപ്പറ്റി വളരെ പ്രതീക്ഷകളുണ്ടായിരുന്നു. തിരിച്ചെത്തിയ അത്താനാസ്യോസ് മെത്രാച്ചനെ ആദ്യമായി സ്വാതിതിരുനാൾ മഹാരാജാവിനെ മുഖം കാണിക്കുവാൻ കൂട്ടിക്കൊണ്ടുപോയത് പൂതികോട്ട് ജഡ്ജിയായിരുന്നു.

ചെറുപ്പക്കാരനായ മെത്രാപ്പോലീത്താ പ്രകടിപ്പിച്ച ചില അപക്വമായ പെരുമാറ്റരീതികൾ ജഡ്ജിക്ക് ഇഷ്ടപ്പെട്ടില്ല. മഹാരാജാവിനെ കാണുമ്പോൾ നാട്ടുനടപ്പ് അനുസരിച്ച് പാദരക്ഷ ഊരിമാറ്റിവച്ചിരിക്കണം എന്ന ജഡ്ജിയുടെ ഉപദേശം യുവാവായ മെത്രാപ്പോലീത്ത തിരസ്കരിച്ചു. പാശ്ചാത്യരീതിയിൽ താൻ Boots ഇട്ടുകൊണ്ട് മഹാരാജാവിനെ കാണുമെന്ന് മെത്രാച്ചൻ ശഠിച്ചു. തന്റെ ഉപദേശം തിരസ്കരിച്ച് Boots ഇട്ട് വയോധികനായ തനിക്കൊപ്പം മെത്രാച്ചൻ മഹാരാജാവിനു മുമ്പിൽ നിന്നത് പൂതികോട്ട് ജഡ്ജിക്ക് ഇഷ്ടപ്പെട്ടില്ല. ഈ സംഭവത്തിനുശേഷം പൂതികോട്ട് ജഡ്ജിയും അത്താനാസ്യോസ് മെത്രാച്ചനും തമ്മിൽ സമ്പർക്കങ്ങൾ അധികം ഉണ്ടായില്ല.

യൂയാക്കീം മാർ കൂറിലോസ് 1946-ൽ കപ്പലിൽ കൊച്ചിയിൽ ഇറങ്ങിയപ്പോൾ സ്വീകരിക്കാൻ പൂതികോട്ട് ജഡ്ജിയും എത്തിയിരുന്നു. കൂറിലോസ് മെത്രാൻ മധ്യതിരുവിതാംകൂറിലായിരിക്കുമ്പോൾ മിക്കപ്പോഴും ജഡ്ജിയുടെ മേപ്രാലിലുള്ള മൂന്നാമഠം വീടിന്റെ സമീപമുള്ള ചാവിടിയിലാണ് താമസിച്ചിരുന്നത്. സഭാസംബന്ധമായ എല്ലാ കാര്യങ്ങളിലും യൂയാക്കീം കൂറിലോസ് പുതികോട്ട് ജഡ്ജിയുടെ ഉപദേശം തേടുമായിരുന്നു. ഇതിനുപുറമെ യൂയാക്കീം കൂറിലോസിന്റെ കൂടെ കേരളത്തിൽ വന്നിരുന്ന അദ്ദേഹത്തിന്റെ സഹോദരപുത്രൻ മക്കുദ്ശ പൂതികോട്ട് ജഡ്ജിയുടെ തിരുവല്ല ചാലക്കുഴി വീട്ടിൽ വിവാഹം കഴിച്ചയച്ചിരുന്ന രണ്ടാമത്തെ പുത്രി ഏലിയാമ്മയുടെ മകൾ അക്കാമ്മയെ വിവാഹം കഴിച്ചു. മാർത്തോമ്മാസഭയിലെ ഇന്നത്തെ യൂയാക്കീം കൂറിലോസ് വിവാഹത്തിലെ ഉണ്ടായ 6-ാംതലമുറയിലുള്ള പിൻഗാമിയാണ്. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് പാത്രിയർക്കീസ് ബാവയുടെ നിർദ്ദേശം അനുസരിച്ചു യൂയാക്കീം കൂറിലോസിന് അധികാരം കൈമാറാൻ വിസമ്മതിച്ചു. ഇതേതുടർന്നുണ്ടായ തർക്കം തീരുവാൻ ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചു. ഈ കമ്മിറ്റി മാത്യൂസ് മാർ അത്താനാസ്യോസിന് അനുകൂലമായി വിധിപറഞ്ഞു. അന്നുണ്ടായിരുന്ന എല്ലാ പള്ളികളുടെയും അധികാരം അത്താനാസ്യോസിനായിരുന്നുവെങ്കിലും പുതുതായി പണിയുന്ന പള്ളികളുടെ അധികാരം ആർക്കായിരിക്കണമെന്ന് പള്ളി സ്ഥാപിക്കുന്നവർക്കു തീരുമാനിക്കാം എന്നു വിധിയുണ്ടായി.

ഈ കമ്മിറ്റിയുടെ വിധി മേപ്രാൽപള്ളി ഒരു താല്ക്കാലിക ഷെഡിൽ ആരംഭിച്ച് മാർ അത്താനാസ്യോസ് കുർബാന ചൊല്ലിയതിന് ഏതാനും ആഴ്ചകൾക്കുശേഷമായിരുന്നു. മേപ്രായിൽ അന്നുണ്ടായിരുന്ന സഭാംഗങ്ങൾ എല്ലാവരും തന്നെ ഏകകണ്ഠമായി അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയുടെ കല്പന അനുസരിച്ച് യൂയാക്കീം കൂറിലോസിനോടൊപ്പം നില്ക്കുവാൻ തീരുമാനിച്ചു.

ആദ്യം ആരംഭിച്ച താല്ക്കാലിക ഷെഡിന്റെ മുകളിൽ മേഞ്ഞിരുന്ന ഓലകൾ എടുത്തുമാറ്റി പുതിയ ഓല മേഞ്ഞശേഷം തങ്ങളുടേത് പുതിയ പള്ളിയാണെന്നും അത് അന്ത്യോഖ്യാപാത്രിയർക്കീസിന്റെ കീഴിൽ പാത്രിയർക്കീസിന്റെ പ്രതിനിധിയായ കൂറിലോസ് മെത്രാച്ചനോടൊപ്പം ആയിരിക്കും എന്നും മേപ്രാൽ ഇടവകാംഗങ്ങൾ ഒറ്റക്കെട്ടായി തീരുമാനിച്ചു.

അതനുസരിച്ച് പാലക്കുന്നത്ത് അത്താനാസ്യോസ് മെത്രാച്ചൻ ആദ്യശുശ്രൂഷ നടത്തിയതിന് മൂന്നു മാസങ്ങൾക്കുശേഷം മേപ്രാൽ ഇടവകക്കാർ യൂയാക്കീം കൂറിലോസിനെ ക്ഷണിച്ചുവരുത്തി കൊല്ല വർഷം 1036 മകരമാസം 6-ാം തീയതി (എ.ഡി. 1861) മേപ്രാൽപള്ളിക്ക് തറക്കല്ലിടീച്ചു. അടുത്തദിവസം കൂറിലോസ് താല്ക്കാലികമായി നിർമ്മിച്ച മേപ്രാൽപള്ളിയിൽ കുർബാന ചൊല്ലി. വി. സ്നാപകയോഹന്നാന്റെ പേരിലാണ് പള്ളി കൂദാശ ചെയ്യപ്പെട്ടത്. ഏതു സാഹചര്യത്തിലും ആകമാനസുറിയാനിസഭയുടെ തലവനായ പരിശുദ്ധ അന്ത്യോഖ്യാപാത്രിയർക്കീസിന്റെ അനുസരണത്തിൽ അദ്ദേഹം അംഗീകരിക്കുന്ന മെത്രാന്മാരെയും വൈദികരെയും മാത്രമെ തങ്ങൾക്ക് സ്വീകാര്യമാകയുള്ളുവെന്ന് മേപ്രാൽപള്ളിയുടെ ആദ്യ സംഘാടകനായ പിതാക്കന്മാർ നിശ്ചയം വരുത്തി.

മേപ്രാൽപള്ളിക്ക് ഒരു വികാരിയെ നിശ്ചയിച്ചിട്ടില്ലാതിരുന്നതിനാൽ ഇടവഴിക്കൽ കുര്യാക്കോസ് കത്തനാരും അയിരൂർ ചെമ്പ്രോന്ത സ്കറിയാ കത്തനാരുമാണ് ഇടവിട്ട് ആഴ്ചകളിൽ മേപ്രാൽപള്ളിയിലെത്തി ശുശ്രൂഷകൾ നടത്തിയിരുന്നത്.

പൂതികോട്ട് കൊച്ചിട്ടി കുരുവിള ജഡ്ജിയുടെ മൂന്നാമത്തെ പുത്രനായ പുത്തൻപുരയ്ക്കൽ ചെറിയാന്റെ മൂന്നാമത്തെ പുത്രനായ ചെറിയാൻ തോമസ് ആ സമയം കോട്ടയം പഴയസെമിനാരിയിൽ വൈദികപഠനം ആരംഭിച്ചിരുന്നു. പള്ളിക്കു തറക്കല്ലിട്ടതിന്റെ അടുത്ത വർഷം കൊല്ലവർഷം 1037 ധനു 22 (എ.ഡി. 1862)നു ചെറിയാൻ തോമസിന് യൂയാക്കീം കൂറിലോസ് മെത്രാപ്പോലീത്ത ശെമ്മാശുപട്ടം നല്കി. പൂതികോട്ട് തോമസ് ശെമ്മാശന് അന്ന് 16 വയസ് പ്രായം.

## കണിയാന്ത്ര പടിഞ്ഞാറെവീട്ടിൽ നൈനാൻ കത്തനാർ

ഈ കാലയളവിൽ മേപ്രാൽ കണിയാന്ത്ര പടിഞ്ഞാറെവീട്ടിൽ കുടുംബാംഗമായ നൈനാൻ കത്തനാർ നിരണം, തലവടി ഇടവകകളുടെ വികാരിയായിരുന്നു. ഈ നൈനാൻ കത്തനാർ വിവാഹം കഴിച്ചിരുന്നത് പൂതികോട്ട് ജഡ്ജിയുടെ ഏറ്റവും ഇളയ മകളായ അന്നാമ്മയെ ആയിരുന്നു. നൈനാൻ ശെമ്മാശൻ അന്നാമ്മയെ വിവാഹം കഴിക്കുമ്പോൾ പൂതികോട്ട് ജഡ്ജി നല്കിയ സ്ത്രീധനം 300 രാശി ആയി

രുന്നു എന്നു കേട്ടിട്ടുണ്ട്. അക്കാലത്തെ വലിയ സ്ത്രീധനതുകയായി അതു കണക്കാക്കപ്പെട്ടിരുന്നു.

രാശി ഒരു ചെറിയ സ്വർണ്ണനാണയമാണ്. 10 വെള്ളിനാണയങ്ങളുടെ വിലയാണ് ഒരു രാശിക്ക്. രാശി വളരെ ചെറിയ നാണയം ആയിരുന്നതിനാൽ കൊള്ളക്കാർ ആക്രമിക്കുകയാണെങ്കിൽ രാശി വായിലിട്ട് രക്ഷപ്പെടുവാൻ സാധിക്കും എന്നു പറയാറുണ്ട്.

സ്വാഭാവികമായി ചെറിയാൻ വല്യപ്പനും സഹോദരങ്ങളും തങ്ങളുടെ സഹോദരീഭർത്താവായ നൈനാൻ കത്തനാരുടെ സഹായം മേപ്രാൽപള്ളിയുടെ ശുശ്രൂഷയ്ക്കായി പ്രയോജനപ്പെടുത്തി. നൈനാൻ കത്തനാർ യാക്കോബായ വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ട് പരിശുദ്ധ അന്ത്യോഖ്യാപാത്രിയർക്കീസിന്റെ പ്രതിനിധിയായ യൂയാക്കീം കൂറിലോസ് മെത്രാപ്പോലീത്തയെ ശക്തമായി പിന്തുണയ്ക്കുന്ന ഒരു വൈദികനായിരുന്നു. അദ്ദേഹം പാലക്കുന്നത്ത് അത്താനാസ്യോസ് മെത്രാന്റെ നവീകരണശ്രമങ്ങളെ ശക്തമായി എതിർക്കുകയും ചെയ്തിരുന്നു.

## മേപ്രാൽപള്ളിക്കു ആദ്യവികാരി പൂതികോട്ട് ചെറിയാൻ തോമസ് കത്തനാർ

പൂതികോട്ട് ചെറിയാൻ തോമസ് ശെമ്മാശൻ പഴയസെമിനാരിയിലെ പഠനം പൂർത്തിയാക്കിയശേഷം മേപ്രാൽ സെന്റ് ജോൺസ് പള്ളിയുടെ ആദ്യവികാരിയായി യൂയാക്കീം കൂറിലോസ് പട്ടം നല്കി നിയമിച്ചു. പള്ളിയുടെ ആദ്യവികാരിയെന്ന നിലയിൽ പൂതികോട്ട് തോമസച്ചൻ ഒരു വലിയ വിജയമായിരുന്നു. ഒരു പ്രഗത്ഭപ്രഭാഷകനും സംഘാടകനുമായിരുന്ന പുതികോട്ടച്ചൻ മധ്യതിരുവിതാംകൂറിലെ സുറിയാനിസഭയുടെ സുപ്രധാന നേതൃത്വത്തോട് അതിവേഗം ഉയർന്നു. തന്റെ പിതാവ് ചെറിയാൻ വല്യപ്പനെപോലെയും പിതാമഹൻ പൂതികോട്ട് ജഡ്ജി വല്യപ്പനെയുംപോലെയും യാക്കോബായ സഭാവിശ്വാസാചാരങ്ങൾക്കായി അചഞ്ചലമായി അവസാനംവരെ നിലകൊണ്ടു.

യാക്കോബായസഭ വിശ്വാസസംരക്ഷണാർത്ഥം 1876-ൽ മലങ്കര സന്ദർശിച്ച പരിശുദ്ധ ഇഗ്നാത്യോസ് പത്രോസ് ത്രിതിയൻബാവ മുളന്തുരുത്തിയിൽ സുന്നഹദോസ് വിളിച്ചുകൂട്ടിയപ്പോൾ പൂതികോട്ടച്ചന്റെ മൂത്തസഹോദരൻ മാത്യു ചാത്തന്ത്രയാണ് മേപ്രാൽപള്ളിയുടെ പ്രതിനിധിയായി പങ്കെടുത്ത് മേപ്രാൽപള്ളിക്കു വേണ്ടി രേഖകളിൽ ഒപ്പിട്ടിരിക്കുന്നത്. കണിയാന്ത്ര നൈനാൻ കത്തനാർ നിരണം, തലവടിപള്ളികളുടെ വികാരിയായും രേഖകളിൽ ഒപ്പിട്ടിട്ടുണ്ട്.

പൂതികോട്ടച്ചനും കണിയാന്ത്ര നൈനാനച്ചനുമായി വളരെ അടുത്ത സ്നേഹബന്ധം പുലർത്തിയിരുന്നു. പൂതികോട്ടച്ചന് മേപ്രാൽപള്ളി

യുടെ ആദ്യവികാരിയെന്ന നിലയിൽ വേണ്ട എല്ലാ സഹായസഹകരണങ്ങളും കണിയാന്ത്രയച്ചൻ നല്കി.

കണിയാന്ത്രയച്ചൻ പൂതികോട്ടച്ചന്റെ പിതൃസഹോദരിയുടെ ഭർത്താവെന്നതിനു പുറമെ മറ്റൊരു അടുത്ത ബന്ധംകൂടെ ഉണ്ടായി. പൂതികോട്ടച്ചൻ വിവാഹം കഴിച്ചിരുന്നത് കണിയാന്ത്രയച്ചന്റെ ഇളയസഹോദരൻ കണിയാന്ത്ര താഴത്ത് വർക്കിയുടെ മകൾ ഏലിയാമ്മയെ ആയിരുന്നു.

1883–ൽ ഇന്നു കാണുന്ന ഇഷ്ടികയും തടിയും ഉപയോഗിച്ചിരിക്കുന്ന മേപ്രാൽ സെന്റ് ജോൺസ് യാക്കോബായപള്ളി പണിയിക്കുന്നത് പള്ളിവികാരിയായ പൂതികോട്ടച്ചന്റെ അക്ഷീണപരിശ്രമഫലമായാണ്.

പള്ളി പണിയുന്ന അവസരത്തിൽ സിമന്റ് ലഭ്യമല്ലാതിരുന്നതിനാൽ ഇടവകാംഗങ്ങളെല്ലാം ചേർന്ന് ആറ്റിൽനിന്ന് കക്കാ ശേഖരിച്ച് തോട് പൊട്ടിച്ച് അതിൽ വരാൽമത്സ്യത്തിന്റെ തൊലിയിൽനിന്നെടുത്ത കൊഴുപ്പ് അരച്ചു ചേർത്താണ് പണി നടത്തിയതെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. പള്ളിപണിയുന്നതിനാവശ്യമായ കൊഴുപ്പുപശ മുഴുവൻ ലഭിക്കണമെങ്കിൽ എത്ര വരാൽ മത്സ്യം വേണ്ടിവന്നുവെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

പൂതികോട്ടച്ചൻ നിരണം ഭദ്രാസനാധിപനായിരുന്ന ചത്തുരുത്തിൽ ഗീവറുഗീസ് മെത്രാച്ചനു(പരുമല തിരുമേനി)മായി വളരെ അടുത്ത സ്നേഹബന്ധം പുലർത്തിയിരുന്നു. പൂതികോട്ടച്ചനെക്കാൾ പരുമല തിരുമേനിക്ക് പ്രായം കുറവായിരുന്നുവെങ്കിലും പരുമലതിരുമേനി അന്ത്യോഖ്യാപാത്രിയർക്കീസിന്റെ ആത്മീയ ശിക്ഷണത്തിൻകീഴിൽ സഭാസേവനം നടത്തിയിരുന്നതുപോലെ പൂതികോട്ടച്ചൻ പരുമല തിരുമേനിയെ ഇടവകമെത്രാപ്പോലീത്തയെന്ന നിലയിൽ അനുസരിച്ച് ശിക്ഷണത്തിൻകീഴിൽ വിശ്വാസവ്യതിചലനം കൂടാതെ കഴിഞ്ഞു. 1895–ൽ പരുമലതിരുമേനിയുടെ യറുശലേം യാത്രയ്ക്കുമുമ്പ് പൂതികോട്ടച്ചൻ തിരുമേനിയെ മേപ്രാൽപള്ളിയിൽ ക്ഷണിച്ചുവരുത്തി യാത്രചിലവിലേക്കായി കാര്യമായ സംഭാവന നല്കുകയും ചെയ്തു. ഇടവകയെ അതീവദുഃഖത്തിലാഴ്ത്തികൊണ്ട് പരുമലതിരുമേനി 1902–ൽ 54–ാമത്തെ വയസ്സിൽ കബറടങ്ങി. അതിനുശേഷം വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാൻ മലങ്കരമെത്രാപ്പോലീത്ത ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് ദിവന്നാസ്യോസിന്റെ പ്രധാന ഉപദേഷ്ടാവായിത്തീർന്നു.

കണിയാന്ത്ര പടിഞ്ഞാറെവീട്ടിൽ നൈനാൻ കത്തനാർ 1892–ൽ നിര്യാതനായി. അദ്ദേഹത്തെ മേപ്രാൽപള്ളിയിലാണ് കബറടക്കിയത്. അതിനുശേഷം കണിയാന്ത്രവാതപ്പള്ളിൽ നൈനാൻ കത്തനാർ നിരണംപള്ളിയുടെ വികാരിയായി. അദ്ദേഹം അവിവാഹിതനായ ഒരു

പട്ടക്കാരനായിരുന്നു. വൈദികപട്ടം സ്വീകരിച്ചശേഷം അദ്ദേഹം താമസം മേപ്രായിലേക്കു മാറ്റി. തുടർന്ന് ഒന്നിടവിട്ട ആഴ്ചകളിൽ നൈനാച്ചനും മേപ്രാൽപള്ളിയിൽ കുർബാന ചൊല്ലുവാൻ തുടങ്ങി.

വട്ടശ്ശേരിൽ റമ്പാനും നൈനാൻ കത്തനാരും അടുത്ത സ്നേഹിതരായിരുന്നു. നൈനാൻ കത്തനാരുടെ സഹായത്തോടെ വട്ടശ്ശേരിൽ റമ്പാൻ മേപ്രാൽപള്ളിയുടെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുവാൻ ശ്രമിച്ചത് പുതികോട്ടച്ചൻ എതിർത്തു. ഒരു റമ്പാൻ അവിവാഹിതനായ ഒരു വൈദികനെന്നതിനുപരിയായി വികാരിയുടെയോ പള്ളിയുടെയോ മേൽ അധികാരമൊന്നുമില്ലായെന്ന് പൂതികോട്ടച്ചൻ പറഞ്ഞു. ഒരു ഞായറാഴ്ച നേരത്തെ അറിയിക്കാതെ മേപ്രാൽപള്ളിയിൽ കുർബാന ചൊല്ലുവാനെത്തിയ വട്ടശ്ശേരിൽ റമ്പാനെ പൂതികോട്ടച്ചൻ അതിനനുവദിച്ചില്ല. പിന്നീടിറങ്ങിപോയ വട്ടശ്ശേരിൽ റമ്പാൻ കോട്ടയത്ത് എത്തി പുലിക്കോട്ടിൽ ജോസഫ് ദിവന്നാസ്യോസിനെ കണ്ട് പൂതികോട്ടച്ചനെ പറ്റി തെറ്റിദ്ധാരണാജനകമായി വിവരങ്ങൾ ബോധിപ്പിച്ചു. ഇതുമൂലം പുലിക്കോട്ടിൽ മെത്രാച്ചനും പൂതികോട്ടച്ചനും തമ്മിൽ ചില അസ്വാരസ്യങ്ങളുണ്ടായി.

ഈ അവസരത്തിൽ പൂതികോട്ട്-കണിയാന്ത്ര കുടുംബങ്ങളുടെ അക്കാലത്തെ സാമുദായിക-സാമൂഹ്യ പശ്ചാത്തലംകൂടി അറിയുന്നത് നന്നായിരിക്കും. കണിയാന്ത്രകുടുംബത്തിൽ എല്ലാവരും തന്നെ യാക്കോബായവിശ്വാസത്തിൽ തുടർന്നെങ്കിലും പൂതികോട്ട് കുടുംബത്തിൽ സഭാനവീകരണത്തിന്റെ ചില ചലനങ്ങൾ ഉണ്ടായി.

പൂതികോട്ട് കൊച്ചിട്ടികുരുവിള ജഡ്ജിയുടെ മൂന്നുപുത്രന്മാർ, പുത്തൻവീട്ടിൽ ചാക്കോച്ചനും മേടയിൽ കുഞ്ഞാക്കോണ്ടയും ചാവിടിയിൽ കൊച്ചുകോശിയും സുറിയാനിസഭയുടെ സഭാനവീകരണത്തെ അനുകൂലിക്കുന്നവരായിരുന്നു. പാലക്കുന്നത്തു കുടുംബവുമായും മാത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്തയുമായും ഉണ്ടായിരുന്ന ബന്ധങ്ങൾ ഇതിനൊരു കാരണമാവാം. അതുപോലെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി പൂതികോട്ട് കുടുംബാംഗങ്ങളിൽ പലരും പ്രൊട്ടസ്റ്റന്റ് മിഷനറിമാരുമായി ബന്ധപ്പെടുവാൻ ഇടയായി. ഇതെല്ലാം സെന്റ് തോമസ് ഇവാഞ്ചലിക്കൽ അസ്സോസിയേഷനും മാർത്തോമ്മാസഭയും 1889-ൽ രൂപമെടുക്കുന്നതിനുമുമ്പായിരുന്നു എന്നോർക്കണം.

പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് 1877-ൽ കബറടങ്ങി. അദ്ദേഹത്തെ പാത്രിയർക്കീസ്ബാവ ഔദ്യോഗികമായി മുടക്കിയിരുന്നില്ല. യാക്കോബായ ക്രമമനുസരിച്ചാണ് അദ്ദേഹം ശുശ്രൂഷകൾ അവസാനംവരെയും നിർവഹിച്ചിരുന്നത്. തന്മൂലം അദ്ദേഹത്തിന്റെ

പിതൃസഹോദരനായ ഏബ്രഹാം മല്പാനും അദ്ദേഹത്തിൽനിന്ന് കുർബാന സ്വീകരിക്കില്ലായിരുന്നു എന്നു പറഞ്ഞു കേട്ടിട്ടുണ്ട്.

മാർ അത്താനാസ്യോസ് സഭാപരിഷ്കരണം ആഗ്രഹിച്ചിരുന്നെങ്കിലും യാക്കോബായ സഭയുടെ ആചാരവിശ്വാസങ്ങൾ നിഷ്ഠയോടെ പാലിച്ചിരുന്നു. ഇതിന് ഉപോൽബലമായ പൂതികോട്ട് കുടുംബത്തിൽ പറഞ്ഞു വരുന്ന ഒരു കഥയുണ്ട്.

യാക്കോബായ സഭയിൽ ശെമ്മാശനായിരിക്കുമ്പോൾ വിവാഹം കഴിക്കാം. പൂർണ്ണ വൈദികനായിക്കഴിഞ്ഞാൽ വിവാഹം പാടില്ല എന്നാണ് സഭയുടെ നിയമം. ഒരു വൈദികന്റെ ഭാര്യ മരിച്ചാലും വീണ്ടും വിവാഹം കഴിപ്പാൻ അവകാശമില്ല. വൈദികരുടെ ഭാര്യമാർക്കും ഭർത്താക്കന്മാർ മരിച്ചാൽ പുനർവിവാഹം അനുവദിച്ചിട്ടില്ല. മാത്യൂസ് അത്താനാസ്യോസ് യാക്കോബായ സഭയുടെ ഇത്തരം ആചാരാനുഷ്ഠാനങ്ങളിൽനിന്നും ഒരിക്കലും വ്യതിചലിച്ചിരുന്നില്ല.

പൂതികോട്ട് മേടയിൽ കുഞ്ഞാക്കോണ്ട കേരളത്തിലും ഇന്ത്യയിൽതന്നെയും ആദ്യം ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവരിൽ ഒരാളാണ്. ഭക്തനും ജീവകാരുണ്യപ്രവർത്തനങ്ങളിൽ നിരതനുമായിരുന്ന അദ്ദേഹം മിഷനറിമാരുടെ പ്രേരണകാരണം വിവാഹം കഴിച്ചത് ഒരു വൈദികന്റെ മരണംമൂലം ചെറുപ്പത്തിലെ വിധവയായിതീർന്ന വൈദികന്റെ ഭാര്യയെ ആയിരുന്നു. ഈ വിവാഹം കഴിഞ്ഞ് ആറാഴ്ചകൾക്കു ശേഷം കുഞ്ഞാക്കോണ്ട നിരണംപള്ളിയിൽവച്ച് കുർബാന കഴിഞ്ഞ് പാലക്കുന്നത്തു മെത്രാച്ചനെ കാണുവാനിടയായി. കുഞ്ഞാക്കോണ്ടയെ കണ്ടമാത്രയിൽ മെത്രാപ്പോലീത്ത ക്ഷിപ്രകോപം പൂണ്ട് അദ്ദേഹത്തിന്റെ കൈതണ്ടിൽ അടിക്കുകയും ഒരു വൈദികന്റെ മുൻഭാര്യയായിരുന്ന സ്ത്രീയെ വിവാഹം കഴിച്ചതിൽ രോഷം പ്രകടിപ്പിക്കുകയും ചെയ്തു. ഒരു വൈദികന്റെ ഭാര്യയായിരുന്ന സ്ത്രീ വൈദികന്റെ മരണശേഷവും സഭാജനങ്ങൾക്ക് മാതൃസ്ഥാനിയാണെന്നും അവർ ചെറുപ്പക്കാരിയാണെങ്കിലും വിവാഹം കഴിച്ചുകൂടെന്നുമാണ് സഭാനിബന്ധനയെന്നും കുഞ്ഞാക്കോണ്ടയോടു പറഞ്ഞു. കുഞ്ഞാക്കോണ്ട വളരെ ശാന്തനായി അടികൊണ്ടശേഷവും മെത്രാച്ചന്റെ മുമ്പിൽ ആദരപൂർവമാണ് നിന്നത്. കുഞ്ഞാക്കോണ്ടയെ വീണ്ടും അടിക്കുവാൻ മെത്രാച്ചൻ കൈപൊക്കിയപ്പോൾ അതുകണ്ടുകൊണ്ടുനിന്ന കുഞ്ഞാക്കോണ്ടയുടെ സഹോദരൻ കിഴക്കേവീട്ടിൽ കൊച്ചൂഞ്ഞച്ചൻ മുൻപോട്ടു നീങ്ങി മെത്രാച്ചന്റെ കൈക്കുപിടിച്ചു. സന്ദർഭത്തിന്റെ അപകടം മനസ്സിലാക്കി മെത്രാച്ചൻ കുഞ്ഞാക്കോണ്ടയെയും കുഞ്ഞൂഞ്ഞച്ചനെയും മുറിക്കുള്ളിൽ വിളിച്ചു കൊണ്ടുപോയി രഹസ്യമായി ഉപദേശിക്കുകയും എല്ലാവരുടെയും മുമ്പിൽവച്ച് അടിച്ചതിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു.

പൂതികോട്ടച്ചൻ യാക്കോബായ വിശ്വാസത്തിൽനിന്നും അണുവിട വ്യതിചലിക്കാതെ നിന്നെങ്കിലും നവീകരണത്തിൽ താല്പര്യമുണ്ടായിരുന്ന തന്റെ മൂന്നു പിതൃസഹോദരന്മാരോടും മറ്റു ബന്ധുക്കളോടും വളരെ അടുത്ത സ്നേഹബന്ധം പുലർത്തിയിരുന്നു. അക്കാലത്ത് എല്ലാ ശുശ്രൂഷകളിലും യാക്കോബായ വൈദികർ സുറിയാനി മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. കുർബാനയിൽ ഭാഗികമായി മലയാളം ഉപയോഗിക്കുവാൻ തുടങ്ങിയതോടുകൂടി പൂതികോട്ടച്ചൻ ഏബ്രഹാം മല്പാന്റെ ഒരു രഹസ്യഅനുയായിയാണെന്ന് ചില തല്പരകക്ഷികൾ പറഞ്ഞു പ്രചരിപ്പിച്ചു. എല്ലാ ക്രൈസ്തവവിഭാഗങ്ങൾക്കും പ്രയോജനകരമായ പല സാമൂഹ്യരാഷ്ട്രീയരംഗങ്ങളിലെ പാലക്കുന്നത്തു മെത്രാച്ചന്റെ സംരംഭങ്ങളെയും പൂതികോട്ടച്ചൻ അനുകൂലിച്ചതും തെറ്റിദ്ധരിക്കപ്പെട്ടു. മേപ്രാൽ മാർത്തോമ്മാ ഇമ്മാനുവേൽപള്ളി 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലാണ് പണിതീരുന്നത്. അന്ന് മാർത്തോമ്മാ സഭയുടെ ഒരു പ്രസിദ്ധീകരണത്തിൽ മാർത്തോമ്മാപള്ളി പണിതീർന്നു മാറുന്നതുവരെ എല്ലാവർക്കും പൂതികോട്ട് വല്യച്ചൻ നല്കിയിരുന്ന സേവനങ്ങളെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നുണ്ട്.

സഭാവ്യത്യാസം കൂടാതെ ആത്മീയശുശ്രൂഷകൾ എല്ലാവർക്കും പൂതികോട്ടച്ചൻ നല്കിയിരുന്നു. രോഗവും മരണവും ഉണ്ടാകുന്ന എല്ലാ ഭവനങ്ങളും അദ്ദേഹം സന്ദർശിച്ചു പ്രാർത്ഥിക്കുമായിരുന്നു. മറ്റു വൈദികർ ഭയപ്പെട്ടിരുന്ന വസൂരിമൂലമുള്ള മരണവേളകളിലും പൂതികോട്ടച്ചനെത്തി ശവസംസ്കാരം നടത്തിക്കൊടുക്കുമായിരുന്നു.

വടക്കു കുന്നംകുളംകാരനായിരുന്ന പുലിക്കോട്ടിൽ ജോസഫ് ദിവന്നാസ്യോസ് മെത്രാപ്പോലീത്തയ്ക്ക് മധ്യതിരുവിതാംകൂറിലെ പ്രത്യേക സാമൂഹ്യവും കുടുംബപരവുമായ അടിയൊഴുക്കുകൾ പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ല. വട്ടശ്ശേരിൽ റമ്പാന് പുലിക്കോട്ടിൽ മെത്രാച്ചനുമായുണ്ടായിരുന്ന അടുപ്പംമൂലം മെത്രാച്ചനും പൂതികോട്ടച്ചനും തമ്മിൽ പല തെറ്റിദ്ധാരണകളും അക്കാലത്തുണ്ടായി.

1909-ൽ പുലിക്കോട്ടു ദിവന്നാസ്യോസ് മെത്രാന്റെ മരണശേഷം വട്ടശ്ശേരിൽ റമ്പാൻ അന്ത്യോഖ്യാ പാത്രിയർക്കീസിൽനിന്നും പട്ടം സ്വീകരിച്ചു തിരിച്ചെത്തിയപ്പോൾ പ്രശ്നം കൂടുതൽ രൂക്ഷമായി. മേപ്രാൽപള്ളിയിൽ രണ്ടു വിഭാഗങ്ങളുണ്ടായി. പുതികോട്ടച്ചനെ അനുകൂലിക്കുന്ന ഒരു വിഭാഗവും വട്ടശ്ശേരിൽ ദിവന്നാസ്യോസ്മെത്രാപ്പോലീത്തയുടെ ആനുകൂല്യത്തോടെ പൂതികോട്ടച്ചനെ എതിർക്കുന്ന കണിയാന്ത്ര വാതപ്പള്ളിൽ നൈനാനച്ചന്റെ നേതൃത്വത്തിലുള്ള മറ്റൊരു വിഭാഗവും.

ഈ മത്സരം ചില സംഘർഷങ്ങൾക്ക് ഇടയാക്കുകയും മേപ്രാൽ പള്ളി താല്ക്കാലികമായി പൂട്ടിയിടേണ്ടി വരികയും ചെയ്തു. ഈ

അവസരത്തിൽ പുതികോട്ടച്ചൻ തന്റെ വീടിനു മുമ്പിൽ പന്തലിട്ടു. വിശ്വാസികൾക്കായി എല്ലാ ഞായറാഴ്ചയും വി. കുർബാന ചൊല്ലുമായിരുന്നു. ഈ അവസരത്തിൽ പരിശുദ്ധ അന്ത്യോഖ്യാപാത്രിയർക്കീസ് ഇഗ്നാത്യോസ് അബ്ദേദ് ആലോഹോ II പാത്രിയർക്കീസ് ബാവ ഇടപെട്ട് രണ്ടു കക്ഷികളും തമ്മിൽ ഒരു രഞ്ജിപ്പു കരാറുണ്ടാക്കി.

ഈ പരസ്പര രഞ്ജിപ്പുകരാർ 1910 (കന്നി 29-ാം തീയതി കരാർ 1076/268 ആയി ആലപ്പുഴ ഡിസ്ട്രിക്റ്റ് കോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കരാറനുസരിച്ച് രണ്ടു വിഭാഗവും സഭയുടെ ആത്മീയ തലവനായ അന്ത്യോഖ്യ പാത്രിയർക്കീസിന്റെ അംഗീകാരമുള്ള വൈദികരെ മാത്രമേ ശുശ്രൂഷയ്ക്കായി നിയമിക്കാവൂ എന്ന് അനുശാസിക്കുന്നു.

അന്ത്യോഖ്യയിലെത്തി പ. പാത്രിയർക്കീസിൽനിന്നും മെത്രാൻ പട്ടം സ്വീകരിച്ചശേഷം തിരിച്ചെത്തിയ വട്ടശ്ശേരിൽ ദിവന്നാസ്യോസ് മെത്രാൻ അവസാനം പാത്രിയർക്കീസിന് എതിരായി തിരിഞ്ഞു.

## പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്യോസ് അബ്ദേദ് ആലോഹോ II കേരളത്തിൽ

1909-ൽ കേരളത്തിലെത്തിയ പ. അന്ത്യോഖ്യാപാത്രിയർക്കീസ് ഇഗ്നാത്യോസ് അബ്ദേദ് ആലോഹോ II ബാവ പൂതികോട്ടച്ചനോടും കണിയാന്ത്രയച്ചനോടും വട്ടശ്ശേരിൽ മെത്രാച്ചനോടും പുതുപ്പള്ളിപള്ളിയിൽ തന്റെ മുൻപാകെ എത്തുവാൻ കല്പിച്ചു. മൂന്നുപേരും കല്പന അനുസരിച്ചു. പൂർണ്ണമായ അന്വേഷണത്തിനുശേഷം പാത്രിയർക്കീസ് ബാവയുടെ കല്പനകളെ അനുസരിക്കാതിരിക്കുന്നതിനും കാനോനിയ നിയമങ്ങൾ ലംഘിക്കുന്നതിനും കാരണമായി. കണിയാന്ത്ര വാതപ്പള്ളിൽ നൈനാൻ കത്തനാരെ പാത്രിയർക്കീസ് ബാവ മുടക്കി. പൂതികോട്ടച്ചന്റെ ത്യാഗപൂർവമായ സഭാസേവനങ്ങളെ ബഹുമാനിച്ചു അദ്ദേഹത്തിനു കോർഎപ്പിസ്കോപ്പാസ്ഥാനം നല്കി ബഹുമാനിച്ചു. പൂതികോട്ട് വല്യച്ചൻ യാക്കോബായ വിശ്വാസങ്ങളിൽ അടിയുറച്ചുനിന്ന് വിഷമഘട്ടത്തിൽ സഭാസേവനം നടത്തിയതെന്നു അക്കാലത്തെ യാക്കോബായ അസ്സോസിയേറ്റ് വൈദികട്രസ്റ്റി കോനാട്ട് മാത്തൻ മല്പാനും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

അധികം താമസിയാതെ സഭയിൽ വിഘടിതപ്രവർത്തനങ്ങൾ നടത്തുന്നതിനും സഭാതലവനായ അന്ത്യോഖ്യാപാത്രിയർക്കീസിനെതിരായി പ്രവർത്തിക്കുന്നതിനും വട്ടശ്ശേരിൽ ദിവന്നാസ്യോസ് മെത്രാപ്പോലീത്തയും മുടക്കപ്പെട്ടു. തുടർന്ന് വട്ടശ്ശേരി മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ അന്ത്യോഖ്യയിൽ മുടക്കപ്പെട്ടശേഷം വിശ്രമജീവിതം നയിച്ചിരുന്ന അബ്ദുൾ മശിഹായെന്ന ഒരു മെത്രാനെക്കൊണ്ടുവന്ന്

കേരളത്തിൽ 1912-ൽ ഒരു പുതിയ സഭ സ്ഥാപിച്ചു. ആ സഭയ്ക്കു തലവനായി ഒരു കാതോലിക്കയെയും വാഴിച്ചു അതാണ് ഇൻഡ്യ ഓർത്തഡോക്സ് സഭയെന്ന് ഇന്ന് അറിയപ്പെടുന്നത്.

മുമ്പു നടന്നിരുന്നതുപോലെ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തിൻ കീഴിൽ യാക്കോബായ വിശ്വാസം പുലർത്തികഴിഞ്ഞ വരെ ബാവാകക്ഷിയെന്നും പുതിയ സഭയുണ്ടാക്കിയ വട്ടശ്ശേരിൽ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ അനുകൂലിച്ചവരെ മെത്രാൻ കക്ഷിയെന്നും വിളിക്കുന്നു. മേപ്രായിൽ പൂതികോട്ടച്ചനും മിക്ക കുടുംബങ്ങളും ബാവാകക്ഷിഭാഗത്തും കണിയാന്ത്രയച്ചനും കുറെ കുടുംബങ്ങളും മെത്രാൻകക്ഷിഭാഗത്തും നിലകൊണ്ടു.

പൂതികോട്ട് ചെറിയാൻ തോമസ് കോർഎപ്പിസ്കോപ്പാ 1912-ൽ (മകരമാസം 7-ാം തീയതി) സംഭവബഹുലവും കർത്തവ്യനിരതവും ക്രൈസ്തവവിശ്വാസങ്ങളിൽ അടിയുറച്ചതുമായ ജീവിതത്തിനുശേഷം അന്തരിച്ചു. പുതികോട്ടച്ചൻ മരിക്കുമ്പോൾ കോടതി നിർദ്ദേശിച്ചതനുസരിച്ച് മേപ്രാൽപള്ളി പൂട്ടിയിരിക്കയാണെങ്കിലും എല്ലാ സഭാവിഭാഗങ്ങളിലെയും ജനങ്ങൾ ഒത്തുചേർന്നു പള്ളി തുറന്നു ശുശ്രൂഷ നടത്തി പള്ളിയുടെ തൊട്ടടുത്ത് തെക്കു സുപ്രധാനസ്ഥലത്ത് കബറടക്കി. ചരമ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കിയത് ചാത്തന്ത്ര ഏബ്രഹാം അച്ചനും ആവിയോട്ടച്ചനുമായിരുന്നു.

## പൂതികോട്ട് ചാത്തന്ത്ര ഏബ്രഹാം കശീശ (1885–1965)

തുടർന്ന് പരിശുദ്ധ പാത്രിയർക്കീസ്ബാവയുടെ ആത്മീയ പരമാധ്യക്ഷപദം അംഗീകരിച്ച് യാക്കോബായ സഭാവിശ്വാസത്തിൽ തുടരാനാഗ്രഹിച്ച വിഭാഗത്തിന്റെ വികാരിയായി പൂതികോട്ട് ചാത്തന്ത്ര വന്ദ്യ പി.എം. ഏബ്രഹാം കത്തനാർ കടമകൾ ഏറ്റെടുത്തു. ചാത്തന്ത്രയച്ചൻ 1912-ൽ ആലുവ സെമിനാരിയിൽവച്ച് പരിശുദ്ധ അന്ത്യോഖ്യപാത്രിയർക്കീസ് ഇഗ്നാത്യോസ് അബ്ദേദ് ആലോഹോ രണ്ടാമനിൽനിന്നാണ് കശീശ പട്ടം സ്വീകരിച്ചത്.

1917-ൽ കണിയാന്ത്രവാതപ്പള്ളിൽ നൈനാനച്ചനും നിര്യാതനായി. കണിയാന്ത്ര പുല്ലിയാട്ട് അലക്സാണ്ടർ കശീശ മെത്രാൻകക്ഷിവിഭാഗത്തിന്റെ വികാരിയായി തുടർന്നു സ്ഥാനമേറ്റു.

ഭാഗ്യവശാൽ ചാത്തന്ത്ര ഏബ്രഹാം അച്ചനും പുല്ലിയാട്ട് അലക്സാണ്ടർ അച്ചനും ആത്മാർത്ഥതയുള്ള നല്ല രണ്ടു വൈദികരായിരുന്നു. വിദ്യാഭ്യാസവും കാര്യപ്രാപ്തിയും ഉണ്ടായിരുന്ന ചാത്തന്ത്ര ഏബ്രഹാം കശീശ 1885-ൽ ജനിച്ചു. വൈദികസേവനത്തിനായി ചെറുപ്പത്തിലെ മാതാപിതാക്കൾ പ്രാർത്ഥനാപൂർവം സമർപ്പിച്ചിരുന്ന ഈ

ബാലൻ വളർന്നു വൈദികനായി കർത്തവ്യനിഷ്ഠയോടും ക്രൈസ്തവ മനഃസാക്ഷിക്കു ചേർന്നവിധവും ഇടവകയെ നയിച്ചു. കാര്യമാത്ര പ്രസക്തവും ലഘുവുമായിരുന്ന അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കുന്നവരുടെ ഹൃദയത്തിന്റെ ആഴങ്ങളെയും മനഃസാക്ഷിയെയും സ്പർശിക്കുമായിരുന്നു. കുട്ടികളോട് പഠനത്തിൽ കൂടുതൽ ശ്രദ്ധിച്ച് ജീവിതവിജയം കൈവരിക്കുവാൻ എപ്പോഴും അദ്ദേഹം ഉപദേശിക്കുമായിരുന്നു. കുട്ടിയായിരുന്നപ്പോൾ ഞാൻ അദ്ദേഹത്തെ കാണുമ്പോഴെല്ലാം എന്റെ മാർക്കും ഗ്രേഡും അദ്ദേഹം തിരക്കുമായിരുന്നു. ക്ലാസിൽ എപ്പോഴും ഒന്നാമനായിരിക്കുവാൻ അദ്ദേഹം എന്നെ പ്രോത്സാഹിപ്പിക്കുമായിരുന്നു.

സഭയിൽ ബാവാകക്ഷിയും മെത്രാൻകക്ഷിയും തമ്മിൽ നടന്നിരുന്ന മത്സരങ്ങളെപ്പറ്റിയും കേസുകളെപ്പറ്റിയും യാഥാർത്ഥ്യബോധത്തോട അദ്ദേഹം ചിന്തിച്ചിരുന്നു.

രണ്ടു കക്ഷികളും തമ്മിൽ താല്ക്കാലിക സമാധാനം നിലനിന്നിരുന്ന 1970-ൽ അന്നത്തെ കാതോലിക്കാ ഔഗേൻബാവയ്ക്കുണ്ടായ ഗുരുതരമായ ഒരു രോഗചികിത്സയ്ക്കായി നിയോഗിക്കപ്പെട്ട മെഡിക്കൽ ടീമിൽ ഒരു ജൂനിയർ ഡോക്ടറായി ഞാനും ഉണ്ടായിരുന്നു. അന്ന് ഞാൻ ഒരു ദിവസം വീട്ടിൽ എത്തിയപ്പോൾ ചാത്തന്ത്ര അച്ചനപ്പച്ചനെയും പോയി സന്ദർശിച്ചു. ഔഗേൻ ബാവയുടെ ആരോഗ്യസ്ഥിതിയെപ്പറ്റി അന്വേഷിച്ചശേഷം ചാത്തന്ത്ര അച്ചനപ്പച്ചൻ പറഞ്ഞ ചില കാര്യങ്ങൾ ഞാൻ ഓർക്കുന്നു.

1908-ൽ മെത്രാഭിഷേകത്തിനായി വട്ടശ്ശേരിൽ റമ്പാനോടൊപ്പം പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സമീപത്തേക്കും വിശുദ്ധ നാട്ടിലേക്കും യാത്ര തിരിച്ച സംഘത്തിൽ ചാത്തന്ത്രയച്ചനുമുണ്ടായിരുന്നു. മറ്റു സഹയാത്രികർ, കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ (പിന്നീട് മെത്രാൻപക്ഷത്തെ ഗീവറുഗീസ് പ്രഥമൻ കാതോലിക്ക), ഔഗേൻ റമ്പാൻ (മെത്രാൻപക്ഷത്തെ ഔഗേൻ കാതോലിക്ക), പൗലോസ് കൂറിലോസ് മെത്രാപ്പോലീത്ത, കോടിയാട്ട് കുര്യാക്കോസച്ചൻ എന്നിവരായിരുന്നു. യാത്രാവേളയിലോ, പാത്രിയർക്കീസിന് ആത്മീയപരമാധികാരം എഴുതികൊടുത്ത വട്ടശ്ശേരിൽ ദിവന്നാസ്യോസ് മെത്രാൻപട്ടം സ്വീകരിച്ച് തിരിച്ചെത്തുമ്പോഴോ ഇവരിൽ ആരെങ്കിലും തലമുറകളായി തുടർന്നിരുന്ന യാക്കോബായ വിശ്വാസാചാരങ്ങളിൽനിന്നോ സഭാതലവനായ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ശിക്ഷണത്തിനെതിരായോ തിരിയുമെന്ന് സങ്കല്പിക്കുവാൻകൂടി സാധ്യമല്ലായിരുന്നു എന്ന് ചാത്തന്ത്രയച്ചൻ പറഞ്ഞു. ഹൃദയത്തിൽ ഇവരെല്ലാം എന്നും യാക്കോബായ സഭാവിശ്വാസികളായി തുടർന്നിരുന്നു എന്നും അച്ചൻ

കരുതുന്നു. വ്യക്തികൾ തമ്മിലുള്ള മത്സരവും സൗന്ദര്യവും പിണക്കവും മാത്രമാണ് സഭയിലെ പ്രശ്നങ്ങൾക്കു കാരണമെന്നും ഇതെല്ലാം മാറി നൂറ്റാണ്ടുകളായി കഴിഞ്ഞതുപോലെ മലങ്കരസഭ യാക്കോബായ സത്യവിശ്വാസത്തിൽ തുടരണമെന്നും അദ്ദേഹം പ്രാർത്ഥിച്ചിരുന്നു.

സഭയിൽ സമാധാനം നിലനിന്നിരുന്ന 1965-ലാണ് ചാത്താന്ത്ര വന്ദ്യ ഏബ്രഹാം കശീശ ഭാഗ്യമരണം പ്രാപിക്കുന്നത്. ചാത്താന്ത്ര അച്ചൻ 1929-ൽ തന്റെ മുൻഗാമിയായ പൂതികോട്ട് ചെറിയാൻ തോമസ് കോർഎപ്പിസ്കോപ്പാ സ്മാരകമായി ഒരു കെട്ടിടം പള്ളിക്കു സമീപം നിർമ്മിച്ച് ഇടവകയ്ക്കു ദാനം ചെയ്തു.

മേപ്രാൽപള്ളിക്കു വടക്കുഭാഗത്തുള്ള കുറച്ചു സ്ഥലം എന്റെ പിതാമഹനായ കുഞ്ഞുവർക്കിയിൽനിന്ന് (പൂതികോട്ട് പി.റ്റി. വർക്കി) ഒരു തുച്ഛവിലയ്ക്കു വാങ്ങി സെമിറ്ററിക്കായി ചാത്താന്ത്രയച്ചൻ ഇടവകയ്ക്കു സംഭാവനയായി നല്കി.

ആ കാലയളവിൽ മെത്രാൻകക്ഷി വിഭാഗത്തിന്റെ വികാരിയായിരുന്ന കണിയാന്ത്ര പുല്ലിയാട്ട് അലക്സാണ്ടർ കശീശയും ഉത്തമനായ ഒരു മാതൃകാവൈദികൻ ആയിരുന്ന മേപ്രായിൽ ആദ്യമായി ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിച്ച് അനേക തലമുറകൾക്ക് വിദ്യാഭ്യാസസൗകര്യം ഒരുക്കിയതിന് മേപ്രാൽനിവാസികൾക്ക് അദ്ദേഹത്തോടുള്ള കടപ്പാട് വിലതീരാത്തതാണ്. അതുപോലെ മേപ്രായിലെ ആദ്യത്തെ പോസ്റ്റോഫീസ് ഉൾപ്പെടെ അനേക പൊതുസ്ഥാപനങ്ങൾ അദ്ദേഹത്തിന്റെ പരിശ്രമഫലമായി ഉണ്ടായതാണ്. കക്ഷിവ്യത്യാസം കൂടാതെ ഇടവകയിലെ എല്ലാവരുടെയും ഭവനങ്ങൾ ആവശ്യമായ സന്ദർഭങ്ങളിൽ അദ്ദേഹം സന്ദർശിച്ചു പ്രാർത്ഥിക്കുമായിരുന്നു. ഞങ്ങളുടെ വീട്ടിൽ അദ്ദേഹം സന്ദർശിക്കുമ്പോൾ എത്ര സ്നേഹത്തോടെയാണ് എല്ലാവരോടും പെരുമാറിയിരുന്നതെന്ന് അന്ന് ഞാൻ ഒരു ചെറിയ കുട്ടിയായിരുന്നെങ്കിലും എന്റെ ഓർമ്മയിലുണ്ട്. അദ്ദേഹത്തിന്റെ മകൾ കുഞ്ഞേലിയാമ്മയെ വിവാഹം കഴിച്ചിരുന്നത് പൂതികോട്ട് പതിനെട്ടിലെ ബേബിസാർ ആയിരുന്നു.

ഈ നല്ല വൈദികൻ 1955 നവംബർ 25-ന് കർത്തൃസന്നിധിയിലേക്ക് വിളിക്കപ്പെട്ടു.

ചാത്തന്ത്രയച്ചനും പുല്ലിയാട്ടച്ചനും രണ്ടു വിഭാഗങ്ങളുടെ വികാരിയായിരുന്നെങ്കിലും ഇവർ തമ്മിലുള്ള സ്നേഹവും ബഹുമാനവും ഏവർക്കും ഏറ്റവും നല്ല മാതൃകയായിരുന്നു. പരസ്പരം സഹായിക്കുവാനും സഹകരിക്കുവാനും രണ്ടുപേരും എപ്പോഴും തയാറായിരുന്നു. മറ്റു പലയിടത്തും വഴക്കും സംഘർഷവും നിലനിന്നിരുന്ന അവസരത്തിൽ ചാത്തന്ത്രയച്ചൻ തന്റെ മൂത്തപുത്രൻ ബേബിയുടെ

വിവാഹത്തിന് വിശുദ്ധ കുപ്പായമണിഞ്ഞ് കെട്ടിക്കുവാൻ മിന്നുചരടു നല്കുവാൻ തിരഞ്ഞെടുത്തത് കണിയാന്ത്രയച്ചനെയായിരുന്നു എന്നറിയുമ്പോൾ ഇവർ തമ്മിലുള്ള സ്നേഹബന്ധം എത്ര വലുതായിരുന്നു എന്നു മനസ്സിലാകും.

ബാവാകക്ഷി മെത്രാൻകക്ഷിമത്സരങ്ങൾക്ക് അതീതമായി പൂതികോട്ട് ചാത്തന്ത്രയച്ചൻ-പ്രകടിപ്പിച്ചിരുന്ന മനുഷ്യത്വപരമായ പെരുമാറ്റത്തിനു ഒരു ഉദാഹരണംകൂടി ഇവിടെ കുറിക്കാം. ഇത് മെത്രാൻകക്ഷി വിഭാഗത്തിൽ മെത്രാപ്പോലീത്ത ആയിരുന്ന കല്ലുപുരയ്ക്കൽ ഫിലിപ്പോസ് തിയോഫിലോസ് തിരുമേനി പറഞ്ഞ കഥയാണ്.

തിരുമേനി കെ. ഫിലിപ്പോസ് അച്ചനായിരിക്കുന്ന സമയത്ത് മേപ്രാൽ ബാവാകക്ഷിവിഭാഗത്തിലെ ഒരു വിവാഹത്തിൽ പങ്കെടുക്കുവാനെത്തി. അച്ചന്റെ മാതാവ് പൂതികോട്ട് പായ്കണ്ടത്തിൽ കുടുംബാംഗമായിരുന്നു. തന്റെ പിതൃസഹോദരപുത്രിയുടെ വിവാഹത്തിൽ പങ്കെടുക്കുവാൻ എത്തിയ ഫിലിപ്പോസച്ചനെ സഭാവ്യത്യാസം കാരണം പള്ളിയിലെ വിവാഹശുശ്രൂഷയിൽ പങ്കെടുക്കരുതെന്ന് ആരോ പറഞ്ഞു. നിരാശനും ദുഃഖിതനുമായി പള്ളിമുറിയിലെത്തിയിരുന്ന അച്ചനെ ചാത്തന്ത്രയച്ചൻ കൈയ്ക്കു പിടിച്ചുകൊണ്ട് വീണ്ടും പള്ളിയിലെത്തി. ഫിലിപ്പോസ് അച്ചനെ പങ്കെടുപ്പിക്കാൻ സാധ്യമല്ലെങ്കിൽ താനും ശുശ്രൂഷയിൽ പങ്കെടുക്കില്ലെന്നായിരുന്നു ചാത്തന്ത്രയച്ചൻ പറഞ്ഞത്. അവസാനം ഫിലിപ്പോസച്ചനുൾപ്പെടെ എല്ലാവരും സന്തോഷത്തോടെ വിവാഹകൂദാശയിൽ പങ്കെടുത്തു.

## ഭാഗ്യസ്മരണാർഹനായ<br>പൂതികോട്ട് കുര്യാക്കോസ് കൂറിലോസ് തിരുമേനി

1964-ൽ പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്യോസ് യാക്കോബ് ത്രിതിയൻബാവ കേരളത്തിലെത്തി ഔഗേൻ കാതോലിക്കയെ വാഴിച്ചതോടെ സഭയിൽ താല്ക്കാലിക സമാധാനം സ്ഥാപിതമായി. 1965-ൽ ചാത്തന്ത്രയച്ചൻ നിര്യാതനായതിനെത്തുടർന്ന് പൂതികോട്ട് പായ്കണ്ടത്തിൽ ജോർജ്ജ് കുര്യൻ കശീശ മേപ്രാൽ ഇടവക വികാരിയായി നിയമിതനായി. പ്രാർത്ഥനയ്ക്കും ജനസേവനത്തിനുമായി സ്വയം സമർപ്പിച്ച് വളരെ വിശുദ്ധജീവിതം നയിച്ച വൈദികനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ സഭയോടും അന്ത്യോഖ്യാ സിംഹാസനത്തോടുമുള്ള ഭക്തി അചഞ്ചലമായിരുന്നു.

1964 മുതൽ 1974 വരെ പൂതികോട്ട് പായ്കണ്ടത്തിൽ ജോർജ്ജ് കുര്യൻ കശീശ വികാരിയായിരുന്ന സമയം മേപ്രാൽ ഇടവകയുടെ ഒരു സുവർണ്ണകാലമായിരുന്നു. ഇടവകയിലെ എല്ലാ വിഭാഗം ആൾക്കാരുടെയും സ്നേഹവും വിശ്വാസവും അദ്ദേഹം ആർജ്ജിച്ചു. മേപ്രായ്ക്ക്

അദ്ദേഹത്തിന്റെ പരിശ്രമഫലമായി പല പുരോഗതികളും ഉണ്ടായി. അഗതികളെയും അശരണരെയും രോഗികളെയും സഹായിക്കുവാൻ അദ്ദേഹം എപ്പോഴും ഓടിയെത്തുമായിരുന്നു. ഞാൻ കോട്ടയം മെഡിക്കൽകോളേജിൽ ഉണ്ടായിരുന്നപ്പോൾ മേപ്രായിൽനിന്ന് രോഗികളെയുംകൂട്ടി ചികിത്സയ്ക്കായി അദ്ദേഹം മെഡിക്കൽ കോളേജ് ആശുപത്രിയിൽ തുടർച്ചയായി എത്തിക്കൊണ്ടിരുന്നത് ഓർക്കുന്നു.

1972-ൽ കേരളത്തിലെ സുറിയാനിസഭയിൽ വീണ്ടും തർക്കങ്ങളും പ്രശ്നങ്ങളും തുടങ്ങി. മെത്രാൻകക്ഷിയിൽ മുമ്പുണ്ടായിരുന്ന ചില തീവ്രവാദികൾ അന്ത്യോഖ്യാ പാത്രിയർക്കീസുമായി ഉള്ള എല്ലാ ബന്ധങ്ങളും വിടർത്തി കേരളത്തിലെ സഭ സ്വതന്ത്രമാക്കണമെന്ന് പ്രഖ്യാപിച്ചു മുന്നോട്ടു വന്നു. കേരളസഭ പരിപൂർണ്ണസ്വാതന്ത്ര്യത്തോടെ അന്ത്യോഖ്യാ പാത്രിയർക്കീസുമായുള്ള മുൻബന്ധങ്ങളെല്ലാം വിച്ഛേദിച്ചു സ്വയം ശിഷകത്വമുള്ള സഭയായി മാറണമെന്നാണ് ഇവർ ആവശ്യപ്പെട്ടത്.

മെത്രാൻകക്ഷിയിലെയും പക്വമതികളായ ആളുകളെല്ലാം ഇതിനെതിരായിരുന്നു. മലയാളമനോരമയുടെ ചീഫ് എഡിറ്ററും മലങ്കരസഭയുടെ സമാദരണീയനേതാവുമായിരുന്ന കെ.എം. ചെറിയാൻ ഈ നീക്കത്തിനെതിരായി രംഗത്തുവന്നതും വാർദ്ധക്യവും രോഗവും കണക്കിലെടുക്കാതെ മലങ്കരസഭയിൽ സമാധാനം തുടരുവാൻ പരിശ്രമിക്കുന്നതും എനിക്ക് നേരിട്ടറിവുമുള്ള കാര്യമാണ്. സമാധാനം തുടരണമെന്നാഗ്രഹിച്ച മെത്രാൻകക്ഷിയിലെ വൈദികമേലധ്യക്ഷന്മാർക്കും നേതാക്കന്മാർക്കും എതിരായി 'കപ്പലിലെ കള്ളന്മാർ' എന്ന പേരിൽ പുറത്തിറങ്ങികൊണ്ടിരുന്ന ലഘുലേഖകൾ ഞാൻ ഓർക്കുന്നു. പരിശുദ്ധ പാത്രിയർക്കീസുബാവയുടെയും സഭയെ സ്നേഹിച്ച ഇരുപക്ഷത്തുമുള്ള അനേക ആത്മീയപിതാക്കന്മാരുടെയും സഭാനേതാക്കന്മാരുടെയും ആഗ്രഹത്തിന് വിരുദ്ധമായി സഭ വീണ്ടും രണ്ടായി.

ഈ അവസരത്തിലാണ് മേപ്രാൽപള്ളി വികാരിയായിരുന്ന പൂതികോട്ട് പായ്കണ്ടത്തിൽ ജോർജ്ജ് കുര്യൻ കശീശ 1974-ൽ കുര്യാക്കോസ് കൂറിലോസ് മെത്രാപ്പോലീത്തയായി അന്ത്യോഖ്യാ പാത്രിയർക്കീസിൽനിന്നും അഭിഷിക്തനാകുന്നത്. മെത്രാൻകക്ഷിവിഭാഗം അദ്ദേഹത്തെ മെത്രാപ്പോലീത്തയായി അംഗീകരിക്കുവാൻ വിസമ്മതിച്ചു. തുടർന്ന് മറ്റു പള്ളികളിലെന്നപോലെ മേപ്രാൽ സെന്റ് ജോൺസ് പള്ളിയിലും രണ്ടു വിഭാഗങ്ങളും തമ്മിൽ മത്സരവും വ്യവഹാരവും വീണ്ടും ആരംഭിച്ചു.

അവസാനം രണ്ടു വിഭാഗവും തമ്മിൽ ധാരണയിലെത്തി. എല്ലാ ഞായറാഴ്ചയും രണ്ടു വിഭാഗവും വ്യത്യസ്ത സമയങ്ങളിൽ ശുശ്രൂഷകൾ നടത്തുവാൻ സമ്മതിച്ചു. തത്സ്ഥിതി ഇപ്പോൾ തുടരുന്നു.

ഇത്തരം മത്സരങ്ങൾ എല്ലാം നിലനില്ക്കുമ്പോഴും പൂതികോട്ട് അഭിവന്ദ്യ കുര്യാക്കോസ് കൂറിലോസ് മെത്രാപ്പോലീത്ത കേരളം മുഴുവൻ ആദരിച്ചു അംഗീകരിക്കുന്ന ജനങ്ങൾക്ക് പ്രിയങ്കരനായ ഒരു സഭാപിതാവായി ഉയർന്നു.

മേപ്രാൽ ഇടവകയെയും സഭയെയും സമീപവാസികളായ എല്ലാവരെയും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് 1995 മാർച്ച് 21-ന് കൂറിലോസ് തിരുമേനി അപ്രതീക്ഷിതമായി കർത്തൃസന്നിധിയിലേക്ക് എടുക്കപ്പെട്ടു. കബറടങ്ങുമ്പോൾ തിരുമേനിക്ക് 60 വയസു മാത്രമെ പ്രായമുണ്ടായിരുന്നുള്ളു. തിരുമേനിയുടെ ഭൗതികശരീരം അടൂർ യാക്കോബായ പള്ളിക്കുള്ളിൽ സംസ്കരിച്ചു. അനേകവിശ്വാസികൾക്ക് ആ കബർ ഇന്നു ആശ്വാസകേന്ദ്രമാണ്.

വർഷങ്ങളായി നീണ്ടുനിന്ന ബാവാകക്ഷി-മെത്രാൻകക്ഷി മത്സരങ്ങൾ നടക്കുമ്പോൾപോലും മേപ്രാൽ സെന്റ് ജോൺസ് പള്ളി ഇടവകാംഗങ്ങളുടെ ഹൃദയത്തിൽ പരസ്പരസ്നേഹവും ആദരവും നിലനിന്നിരുന്നു എന്നതും ഒരു സത്യമാണ്. ഒരു പ്രദേശത്ത് ഒരുമിച്ചു ജീവിക്കുന്നവർ ദൈവം നിയോഗിച്ചാക്കിയ ഇടവകാംഗങ്ങൾ സുഖദുഃഖങ്ങളിൽ ഒരുമിച്ച് പങ്കാളികളായി ഇവിടെ തലമുറകളായി കഴിയുന്നു.

കുടുംബബന്ധങ്ങളെ കക്ഷിവഴക്കുകൾ കാര്യമായി ബാധിച്ചിട്ടില്ലയെന്നതാണ് ഏറ്റവും നല്ല കാര്യം. ഉദാഹരണത്തിന് രണ്ടു ഭാഗത്തായി നിന്ന പൂതികോട്ട്-കണിയാന്ത്രകുടുംബങ്ങൾ തമ്മിലാണ് ഏറ്റവും കൂടുതൽ വിവാഹബന്ധങ്ങൾ കഴിഞ്ഞ എട്ടു തലമുറകളിൽ നടന്നിട്ടുള്ളത്. ഒരുപക്ഷേ, ഇനിയും തുടരുകയും ചെയ്തേക്കാം.

വിവിധരാജ്യങ്ങൾ ഞാൻ സന്ദർശിക്കുമ്പോൾ പലപ്പോഴും തങ്ങളോ തങ്ങളുടെ മാതാപിതാക്കളോ മേപ്രാൽ സെന്റ് ജോൺസ് വലിയപള്ളിയുടെ അംഗങ്ങളായിരുന്നവരെ കണ്ടുമുട്ടാറുണ്ട്. ഈ അവസരങ്ങളിൽ ആവാച്യമായ ഒരു സന്തോഷം അനുഭവപ്പെടാറുണ്ട്. പരസ്പരം എത്ര വലിയ സ്നേഹവും സൗഹാർദ്ദവും ഒരിക്കൽ ഈ പള്ളിയുടെ ഇടവകാംഗങ്ങളായിരുന്നവർക്ക് തമ്മിലുണ്ട്.

പരസ്പരസ്നേഹത്തിന്റെയും സഹകരണത്തിന്റെയും വലിയ പാഠങ്ങൾ ഈ പള്ളിയിലെ മുൻതലമുറക്കാർ നമുക്ക് കൈമാറിയിട്ടുണ്ട്.

# പൂതികോട്ട് കൊച്ചിട്ടി കുരുവിള ജഡ്ജി
## (1785–1851)

**"മക്കൾ, യഹോവ നല്കുന്ന അവകാശവും, അവൻ തരുന്ന പ്രതിഫലവും തന്നെ. വീരന്റെ കൈയിലെ അസ്ത്രങ്ങൾ എങ്ങനെയോ, അങ്ങനെയാകുന്നു യൗവനത്തിലെ മക്കൾ. അവയെക്കൊണ്ട് തന്റെ ആവനാഴി നിറച്ചിരിക്കുന്ന പുരുഷൻ ഭാഗ്യവാൻ."** ***(സങ്കീ. 127)***

**പൂ**തികോട്ട് ദിവ്യശ്രീ ചെറിയാൻ തോമസ് കോർഎപ്പിസ്കോപ്പയുടെ 100–ാം ചരമവാർഷിക സ്മരണികയിൽ അദ്ദേഹത്തിന്റെ പിതാമഹനും മേപ്രാൽ പൂതികോട്ട് കുടുംബസ്ഥാപകനുമായ കൊച്ചിട്ടി കുരുവിള ജഡ്ജിയെക്കുറിച്ചു ചില കാര്യങ്ങൾ കുറിക്കാതിരിക്കുക അനുചിതമായിരിക്കും. മേപ്രാൽ സെന്റ് ജോൺസ് യാക്കോബായ വലിയപള്ളിയുടെ ആദ്യകാരണഭൂതനാകുവാൻ അദ്ദേഹത്തിന് ദൈവനിയോഗമുണ്ടായതും തന്റെ മക്കൾക്ക് മരണക്കിടക്കയിൽവച്ച് പള്ളിയുടെ പണി ആരംഭിക്കാൻ നല്കിയ അന്ത്യനിർദ്ദേശവും കഴിഞ്ഞ അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയല്ലോ. ഇതിനും പുറമെ ചെറിയാൻ തോമസ് കോർ എപ്പിസ്കോപ്പ ഒരു ശിശുവായിരിക്കുമ്പോൾതന്നെ ബാലനെ സഭാശുശ്രൂഷകനായി സമർപ്പിച്ച് സത്യവിശ്വാസത്തിലും സ്വഭാവനൈർമല്യത്തിലും വളർത്തുവാൻ തന്റെ മകൻ ചെറിയാന് പ്രേരണയും പ്രോത്സാഹനവും നല്കിയത് കൊച്ചിട്ടി കുരുവിള ജഡ്ജിയാണ്.

കേരള ക്രൈസ്തവസഭാചരിത്രത്തിൽ പൂതികോട്ട് കൊച്ചിട്ടി കുരുവിള ജഡ്ജിക്ക് അദ്വിതീയമായ ഒരു സ്ഥാനമുണ്ട്.

### ബാല്യവും വിദ്യാഭ്യാസവും

പൂതികോട്ട് കൊച്ചിട്ടി കുരുവിള ഇന്ന് 2012–ൽ ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന് 227 വയസ്സുണ്ടായിരിക്കുമായിരുന്നു. വിശുദ്ധ തോമാശ്ലീഹായിൽനിന്നും പാലയൂർവച്ച് എ.ഡി. 52–ൽ മാമ്മോദീസ സ്വീകരിച്ച നാലു പ്രമുഖ ആഢ്യ ഹൈന്ദവകുടുംബങ്ങളിൽ ഒന്നായ കാളികാവു ഇല്ലത്തിന്റെ പിന്തുടർച്ചയിൽപ്പെട്ടവരാണ് പൂതികോട്ട് കുടുംബം എന്നതാണ് പരമ്പരാഗതമായി പൂർവികർ പറഞ്ഞുതന്നിട്ടുള്ള ചരിത്രം. ഈ നാലു കുടുംബങ്ങൾ മൂന്നാം നൂറ്റാണ്ടിൽ പാലയൂരിൽനിന്നും

കുറവിലങ്ങാട്ടേക്കു താമസം മാറിയെന്നും അവിടെ ഒരു സഹസ്രാബ്ദ ത്തിൽ അധികം കഴിഞ്ഞിരുന്നുവെന്നും കരുതപ്പെടുന്നു.

പോർട്ടുഗീസ് വൈദികമേധാവികൾ തങ്ങളുടെ പരമ്പരാഗതമായ സുറിയാനി ക്രമങ്ങൾ മാറ്റി ലത്തീൻ ആചാരക്രമങ്ങൾ അടിച്ചേല്പി ക്കുന്നതിൽ പ്രതിഷേധിച്ച് കുറവിലങ്ങാട്ടുനിന്നും 1663-ൽ കുറച്ചു കുടുംബങ്ങൾ തെക്കൻകൂർ പ്രദേശങ്ങളിലേക്ക് താമസം മാറ്റി. കുറ വിലങ്ങാടുപള്ളി സ്ഥിതി ചെയ്തിരുന്ന വടക്കുംകൂർ സ്ഥലത്തെ അധി കാരിയായിരുന്ന രാജാവ് പോർട്ടുഗീസ് വൈദികർക്ക് അനുകൂല നിലപാടു സ്വീകരിച്ചതിനാലാണ് തെക്കൻകൂർ പ്രദേശങ്ങളിലേക്ക് കുറെ പൂർവികർ തിരിച്ചത്.

ഇപ്രകാരം കുറവിലങ്ങാടുനിന്നും ഇറങ്ങിത്തിരിച്ചവരിൽ പൂതി കോട്ട് കുടുംബത്തിന്റെ പൂർവികപിതാവും കാളികാവു ശാഖാംഗവു മായ തൊമ്മനും ഉണ്ടായിരുന്നു. ഈ പിതാവ് ചങ്ങനാശ്ശേരിയിലേ ക്കാണ് താമസം മാറ്റിയത്. തൊമ്മന്റെ പിൻമുറക്കാർ രണ്ടുതലമുറ യോളം ചങ്ങനാശ്ശേരിയിൽ താമസിച്ചിരുന്നു. ഇതിൽ പിൻമുറക്കാര നായിരുന്ന കുരുവിള എന്ന പിതാവ് ചങ്ങനാശ്ശേരിയിൽനിന്നും മൂന്നു മൈൽ തെക്കു മാറി അഴിയിടത്തുചിറ എന്ന സ്ഥലത്ത് ഒരു നായർ കുടുംബത്തിൽനിന്നും 'പൂതികോട്ട്' എന്ന പേരുള്ള ഒരു സ്ഥലം വാങ്ങി വീടുവച്ചു താമസിച്ചു. കുരുവിളയുടെ ഏകപുത്രനായ കുഞ്ഞു തൊമ്മന്റെയും മൂലമണ്ണിൽ അക്കാമ്മയുടെയും പുത്രനായി കൊച്ചിട്ടി കുരുവിള 1785 ഏപ്രിൽ 26-ന് (കൊല്ലവർഷം 960 മീനമാസം 11-ാം തീയതി) ആയില്യം നക്ഷത്രത്തിൽ ജനിച്ചു.

ലോകത്തിന്റെ മിക്കഭാഗങ്ങളിലും ഇന്ത്യയിൽതന്നെ പല സംസ്ഥാ നങ്ങളിലും അസ്വസ്ഥത നിലനിന്നിരുന്ന ഒരുകാലമായിരുന്നു അതെ ങ്കിലും തിരുവിതാംകൂറിൽ ധർമ്മരാജാവിന്റെ കീഴിൽ (1758-1798) താരത മ്യേന സമാധാനം നിലനിന്നിരുന്നപ്പോഴാണ് കൊച്ചിട്ടിയുടെ ജനനവും ബാല്യകാലവും. മാർത്താണ്ഡവർമ്മ മഹാരാജാവ് (1725-1758) പര സ്പരം മത്സരിച്ചുകൊണ്ടിരുന്ന നാട്ടുരാജ്യങ്ങളെയെല്ലാം ഏകീകരിച്ച് തിരുവിതാംകൂർ രാജ്യം സൃഷ്ടിച്ചപ്പോൾ, 1124-ൽ കുലശേഖര സാമ്രാജ്യം പതിച്ചതിനുശേഷം ആദ്യമായി കേരളത്തിലെ മിക്ക പ്രദേശ ങ്ങളിലും ശാന്തതയും സമാധാനവുമുണ്ടായി. ഇക്കാലത്താണ് ഇംഗ്ലീഷുകാർ ഇവിടെ എത്തുന്നത്. ഇന്ത്യയിൽ ബ്രിട്ടീഷുകാരുമായി ആദ്യമായി ഔദ്യോഗികബന്ധങ്ങൾ സ്ഥാപിക്കുന്നതും തിരുവിതാം കൂറാണ്.

കൊച്ചിട്ടിയുടെ വളരെ ചെറുപ്പത്തിൽത്തന്നെ പിതാവ് കുഞ്ഞു തൊമ്മനും മാതാവ് അക്കാമ്മയും മരിച്ചു. പിതാമഹൻ കുരുവിളയും

മൂത്ത സഹോദരൻ ചെറിയാനുമാണ് പിന്നീട് കൊച്ചിട്ടിയെ വളർത്തിയത്.

അക്കാലങ്ങളിൽ പകർച്ചവ്യാധികളും മറ്റു അസുഖങ്ങൾമൂലവും ജനിക്കുന്നവരിൽ ഒരു ചെറിയപങ്കു ശിശുക്കൾ മാത്രമേ പൂർണ്ണവയസ്സിൽ എത്തിയിരുന്നുള്ളൂവെന്ന് കണക്കുകൾ കാണിക്കുന്നു. മാതാവും പിതാവും നഷ്ടപ്പെട്ട് അനാഥനായിത്തീർന്ന ഒരു ശിശു അപകടം പിടിച്ച പല കടമ്പകൾ കടന്ന് പൂർണ്ണായുസ്സിലെത്തുവാൻ അതിലും കുറച്ചായിരുന്നു സാധ്യത.

ഇങ്ങനെയെല്ലാമുള്ള സാഹചര്യങ്ങളിൽ കൊച്ചിട്ടി വളർന്ന് ആ കാലത്തെ ഏറ്റം പ്രഗല്ഭമതികളുടെ കൂട്ടത്തിൽ എത്തിച്ചേർന്നത് ദൈവകൃപ ഒന്നുകൊണ്ടുമാത്രമാകണം. മാതാവും പിതാവും മരിച്ച് അനാഥനായിത്തീർന്ന കൊച്ചിട്ടിയെന്ന ബാലന്റെ പിന്തുടർച്ചക്കാരായി ആൺവഴിയായും പെൺവഴിയായും 8 തലമുറകളിലായി അരലക്ഷത്തിലധികം ആളുകൾ ഈ ഭൂമിയിൽ ജനിച്ചു. അവരിൽ അതിപ്രഗത്ഭന്മാരും സാധാരണക്കാരും ഉണ്ട്. ഒരു മാർത്തോമ്മാ മെത്രാപ്പോലീത്തയും, പ്രശസ്തരായ 4 മെത്രാന്മാരും, കേരളം ഭരിച്ച് പൊതുജനപ്രീതി നേടിയ രണ്ടു കാബിനറ്റ് മന്ത്രിമാരും പ്രസിദ്ധരായ അനേകശതം ഡോക്ടർമാരും, എൻജിനീയർമാരും വ്യവസായികളുമെല്ലാം കൊച്ചിട്ടിയുടെ രക്തത്തിൽ ജനിച്ച പിൻമുറക്കാരായുണ്ട്. ഇവരെല്ലാം കൃതജ്ഞതയോടെ സ്മരിക്കുന്ന നാമമാണ് ഇവർക്കെല്ലാം പ്രപിതാമഹനായ കൊച്ചിട്ടി കുരുവിളയുടേത്.

ചെറുപ്പത്തിൽതന്നെ കൊച്ചിട്ടി പഠനത്തിൽ അതീവ സമർത്ഥനായിരുന്നു. മേപ്രായിലെ കുടിപള്ളിക്കൂടത്തിൽ അന്നത്തെ നാട്ടുനടപ്പനുസരിച്ച് വിദ്യാഭ്യാസം ആരംഭിച്ചു. പിന്നീട് മലയാളത്തിലും സംസ്കൃതത്തിലും തമിഴിലും പാണ്ഡിത്യം നേടി. അക്കാലത്തെ വ്യവഹാരഭാഷയായിരുന്ന തെക്കൻമലയാളത്തിൽ-നാനം മുനത്തിൽ-പ്രത്യേക വ്യുൽപത്തി സമ്പാദിച്ചു.

തുടർന്ന് മേപ്രായിലെ ഒരു പ്രമുഖ നായർ കുടുംബമായ മാടവനയിലെ അയ്യപ്പൻപിള്ളയുടെ ശിക്ഷണത്തിൽ തിരുവനന്തപുരത്ത് താമസിച്ച് പ്രാഥമിക നിയമപഠനം നടത്തി. അയ്യപ്പൻപിള്ള തിരുവനന്തപുരം ഹർജൂർ കച്ചേരിയിൽ ഇന്നത്തെ ചീഫ് സെക്രട്ടറിക്കു തുല്യമായ പദവിയിൽനിന്നാണ് വിരമിച്ചത്.

നിയമപരിശീലനം കഴിഞ്ഞ് തിരിച്ചെത്തിയ കൊച്ചിട്ടി കൃഷിയിലേക്കാണ് ആദ്യം ശ്രദ്ധപതിപ്പിച്ചത്. മേപ്രാൽതോടിന് തെക്കുവശം ഒരു പറമ്പു വാങ്ങി പുത്തൻപുരയ്ക്കൽ വീട് അദ്ദേഹം പണിയിച്ചു അവിടെ താമസമാക്കി. കഠിനാദ്ധ്വാനിയായ കൊച്ചിട്ടി കൃഷിയിൽ ഒരു വൻവിജയമായിരുന്നു.

കൊച്ചിട്ടി തൂമ്പുങ്കൽ അന്നാമ്മയെ വിവാഹം കഴിച്ചു. ആ വിവാഹത്തിൽ 5 കുട്ടികളുണ്ടായശേഷം 1826-ൽ അന്നമ്മ മരിച്ചു. അതിനുശേഷം കൊച്ചിട്ടി അക്കാമ്മയെ വിവാഹം കഴിച്ച് മേപ്രാൽതോടിന്റെ തെക്കുഭാഗത്ത് ഒരു ബ്രാഹ്മണകുടുംബത്തിൽനിന്നും ഒരു സ്ഥലം വാങ്ങി 'മൂന്നാംമഠം' എന്നറിയപ്പെടുന്ന വീടുപണിയിച്ച് അവിടേയ്ക്ക് താമസം മാറ്റി. പുത്തൻപുരയ്ക്കൽവീടും അതുവരെ അദ്ദേഹം സമ്പാദിച്ച ധനവും ആദ്യവിവാഹത്തിലെ 5 കുട്ടികൾക്കുമായി നല്കി. രണ്ടാം വിവാഹത്തിലും അദ്ദേഹത്തിന് 5 കുട്ടികൾ ഉണ്ടായി.

കൃഷികാര്യങ്ങളിലെന്നപോലെ സഭാകാര്യങ്ങളിലും കൊച്ചിട്ടി ശ്രദ്ധാലുവായിരിക്കുകയും മലങ്കര സുറിയാനിസഭയുടെ പുരോഗതിക്കായി അക്ഷീണം പരിശ്രമിക്കുകയും ചെയ്തു. ഉറച്ച ക്രൈസ്തവ വിശ്വാസവും അന്ത്യോഖ്യയിലെ പരിശുദ്ധ ശ്ലൈഹികസിംഹാസനത്തോടുള്ള ഭക്തിയും ആദരവും അവസാനംവരെ അദ്ദേഹം അചഞ്ചലമായി നിലനിർത്തി.

മേപ്രാൽ അന്ന് ഒരു പള്ളി ഇല്ലായിരുന്നു. കൊച്ചിട്ടി കുരുവിള നിരണംപള്ളി ഇടവകാംഗമായിരുന്നു. മേപ്രായിലേക്ക് പൂതിക്കോട്ട് കുടുംബത്തിന്റെ പൂർവികർ താമസം മാറ്റുന്നതിനുമുമ്പുള്ള മൂന്നു തലമുറകളിൽ നിരണംപള്ളിയിൽ വികാരിമാരായിരുന്ന മൂന്നു വൈദികർക്കു താമസിക്കുവാൻ ഉപയോഗിച്ചിരുന്ന ഒരു മാളികയും പറമ്പും പൂർവസ്വത്തായി കൊച്ചിട്ടിക്കു ലഭിച്ചിരുന്നു. ഇന്ന് നിരണം എൽ.പി. സ്കൂളിൽ നില്ക്കുന്ന സ്ഥാനത്തുനിന്നിരുന്ന ഈ പറമ്പും കെട്ടിടവും കൊച്ചിട്ടി നിരണംപള്ളിക്ക് ദാനമായി നല്കി.

പിന്നീട് നിരണം പള്ളിക്ക് സമീപമുള്ള പാഴൂർ പുരയിടം എന്ന സ്ഥലം വാങ്ങി അവിടെ ഒരു കെട്ടിടം പണിത് തന്റെ മൂത്ത പുത്രൻ കുഞ്ഞച്ചനത് താമസിക്കുവാൻ നല്കി. എല്ലാ ശനിയാഴ്ചയും കൊച്ചിട്ടി നിരണത്ത് ഈ വീട്ടിലെത്തി താമസിച്ചു. പിറ്റേദിവസം ഞായറാഴ്ച കുർബാനയുംകൂടിയശേഷമേ മേപ്രായിലേക്ക് തിരികെപ്പോയിരുന്നുള്ളൂ.

സഭാകാര്യങ്ങളിൽ കൊച്ചിട്ടി മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുന്നത്ര മാർ ദിവന്ന്യാസ്യോസിന്റെ വിശ്വസ്ത സ്നേഹിതനും ഉപദേഷ്ടാവുമായിരുന്നു. ആദ്യം കേരളത്തിലെത്തിയിരുന്ന ഇംഗ്ലീഷ് മിഷണറിമാരോട് അടുത്ത ബന്ധം പുലർത്തിയിരുന്ന പുന്നത്ര ദിവന്നാസ്യോസാണ് തിരുവിതാംകൂറിലെ ബ്രിട്ടീഷ് റസിഡന്റ് ദിവാനുമായിരുന്ന കേണൽ ജോൺ മണ്രോഡാവിന് (1814-1819) കൊച്ചിട്ടിയെ പരിചയപ്പെടുത്തിയത്.

കേണൽ മണ്രോഡാ ഒരു നല്ല ക്രിസ്ത്യാനിയും കേരളത്തിലെ പുരാതീന സുറിയാനി സഭയെ സഹായിക്കുന്നതിൽ അതീവതല്പരനുമായി

രുന്നു. സത്യസന്ധനും സമർത്ഥനും കഠിനാധ്വാനിയുമായ പൂതികോട്ട് കൊച്ചിട്ടി കുരുവിളയെ ദിവാൻ മന്രോഡായിക്കു വളരെ ഇഷ്ടപ്പെട്ടു. കൊച്ചിട്ടി കുരുവിളയെ ഒരു ഡിസ്ട്രിക്ട് ജഡ്ജ് ആയി നിയമിക്കുവാൻ അദ്ദേഹം അന്നു ഭരിച്ചിരുന്ന റീജന്റ് രാജ്ഞി സേതു പാർവതീഭായിയെ ഉപദേശിച്ചു. അതുവരെ ബ്രാഹ്മണർക്കു മാത്രമായി മാറ്റിവച്ചിരുന്ന ഈ ഉന്നതസ്ഥാനത്തേക്ക് ഒരു സുറിയാനി ക്രിസ്ത്യാനി ആദ്യമായാണ് നിയമിതനാകുന്നത്. കൊല്ലം, പറവൂർ, ചേർത്തല, മാവേലിക്കര എന്നീ സ്ഥലങ്ങളിൽ ഡിസ്ട്രിക്ട് ജഡ്ജിയായി കൊച്ചിട്ടി കുരുവിള സ്തുത്യർഹമായ സേവനം ചെയ്തു. സത്യസന്ധനും നിർഭയനും സമർത്ഥനുമായ പൂതികോട്ട് കൊച്ചിട്ടി കുരുവിള ജഡ്ജിയെപ്പറ്റി അപ്പീൽ ജഡ്ജിമാരായിരുന്നിട്ടുള്ള ഇംഗ്ലീഷുകാരും മറ്റു സമകാലീനരായ ഉന്നതവ്യക്തികളും ആദരപൂർവം പ്രശംസകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ആദ്യകാലത്ത് എത്തിയ ഇംഗ്ലീഷ് മിഷണറിമാരുമായി കൊച്ചിട്ടി കുരുവിള അടുത്ത സ്നേഹബന്ധം പുലർത്തിയിരുന്നു. തന്റെ അഞ്ചാമത്തെ പുത്രനും മേടയിൽ ശാഖയുടെ പൂർവപിതാവുമായ കുഞ്ഞാക്കോണ്ടയെ കോട്ടയത്ത് മിഷണറിമാരുടെ അടുക്കൽ അയച്ച് ഇംഗ്ലീഷ് പഠിപ്പിക്കയും ചെയ്തു.

## മാവേലിക്കര പടിയോല

കേരളത്തിൽ ആദ്യം എത്തിയ മിഷണറിമാർ ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭയുടെ ഹൈ ചർച്ച് വിഭാഗത്തിൽപ്പെട്ടവരായിരുന്നു. അവർ സുറിയാനി സഭപോലെയുള്ള പുരാതീനസഭകളോടൊപ്പം സഹവർത്തിച്ചിരുന്നവരും വിശ്വാസ ആചാരങ്ങളിൽ ഇടപെടാതെ കേരളത്തിലെ പുരാതീന സഭയെ സഹായിക്കണം എന്ന് ആഗ്രഹിച്ചവരുമായിരുന്നു. എന്നാൽ പിന്നീടുവന്ന ലോ ചർച്ച് (low church) വിഭാഗത്തിൽപ്പെട്ട മിഷണറിമാരിൽ പലരും മലങ്കര യാക്കോബായ സുറിയാനി സഭയുടെ ആചാരാനുഷ്ഠാനങ്ങളെ മാറ്റുവാൻ ശ്രമിച്ചു. കേരളത്തിലെ പള്ളികളിൽ പ്രസംഗിക്കുവാൻ അവർക്ക് അനുവദിച്ചിരുന്ന സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തി സഭാവിശ്വാസങ്ങളെ ചോദ്യംചെയ്യുവാനും തുടങ്ങി. മന്രോഡായിക്കു പുറകെവന്ന ചില ബ്രിട്ടീഷ് റസിഡന്റുമാർ ഇവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അപകടകരമായ ഈ സ്ഥിതിവിശേഷം ആദ്യം ഗ്രഹിച്ചവരിൽ ഒരാളായിരുന്ന പൂതികോട് കൊച്ചിട്ടി കുരുവിള ജഡ്ജി നമുക്ക് പരമ്പരാഗതമായി ലഭിച്ചിട്ടുള്ള വിശ്വാസാചാരങ്ങളെ ചോദ്യംചെയ്യുന്ന വിദേശ മിഷണറിമാരെ പള്ളികളിൽ പ്രസംഗിക്കുവാൻ അനുവദിക്കുന്നത് അപകടകരമാണെന്ന് അദ്ദേഹം

അന്നത്തെ മലങ്കര മെത്രാപ്പോലീത്ത ചേപ്പാട് മാർ ദിവന്നാസ്യോസിനെ ഉപദേശിച്ചു.

ബ്രിട്ടീഷുകാരുടെ സഹായംമൂലം തനിക്കു ലഭിച്ച ജഡ്ജിസ്ഥാനം വഹിച്ചുകൊണ്ട് അവരെ എതിർക്കുന്നത് ശരിയല്ലയെന്ന് തോന്നിയതിനാൽ ആ സ്ഥാനം രാജിവച്ചശേഷം തന്റെ സഭയുടെ വിശ്വാസസംരക്ഷണാർത്ഥം അവരെ നേരിടുവാൻ അദ്ദേഹം തീരുമാനിച്ചു. ജഡ്ജിയെന്ന നിലയിൽ പ്രതിമാസം 300 രൂപയായിരുന്നു അദ്ദേഹത്തിന്റെ ശമ്പളം. അത് ഇന്നത്തെ ലക്ഷങ്ങൾക്കു തുല്യമാണ്. ശമ്പളവും പദവിയും ഗവണ്മെന്റ് നല്കിയിരുന്ന അംഗരക്ഷകരുടെ സംരക്ഷണവുമെല്ലാം ഉപേക്ഷിച്ച് സഭാസേവനത്തിന് എന്തു ത്യാഗം സഹിക്കുവാനും കൊച്ചിട്ടി കുരുവിള ജഡ്ജി തയ്യാറായി. മലങ്കര മെത്രാപ്പോലീത്തയും കൊച്ചിട്ടി കുരുവിളയും അവരെ അനുകൂലിച്ച അനേകം സഭാസ്നേഹികളും 1835-ൽ മാവേലിക്കരയിൽ ഒരു വലിയ സുറിയാനി ക്രിസ്ത്യാനി സമ്മേളനം വിളിച്ചുകൂട്ടി. തങ്ങളുടെ സഭയുടെ തലവൻ അന്ത്യോഖ്യാ പാത്രിയർക്കീസാണെന്നും യാതൊരു കാരണവശാലും വിശ്വാസസംബന്ധമായ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലയെന്നും ഈ സമ്മേളനം പ്രഖ്യാപിച്ചു. ഇനി മേലിൽ ഇംഗ്ലീഷ് മിഷണറിമാർ മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ പള്ളിയിൽ പ്രസംഗിക്കുന്നതും ഈ സമ്മേളനം ഒരു പടിയോലയിലൂടെ നിരോധിച്ചു. ഇതാണ് പ്രസിദ്ധമായ മലങ്കരസഭാ ചരിത്രത്തിലെ മാവേലിക്കര പടിയോല.

1819 മുതൽ 1835 വരെ കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിലെ ആദ്യ ജഡ്ജിമാരിൽ ഒരാളായിരുന്ന പൂതികോട് കൊച്ചിട്ടി കുരുവിള. സഭാവിശ്വാസങ്ങൾ സംരക്ഷിക്കുന്നതിനായി സ്ഥാനം ത്യാഗം ചെയ്തശേഷം മേപ്രായിലെ കൃഷിയിലേക്ക് വീണ്ടും മടങ്ങി.

### സ്വാതിതിരുനാൾ മഹാരാജാവും കൊച്ചിട്ടി കുരുവിളയും

ജഡ്ജി ജോലി ഉപേക്ഷിച്ച് കാർഷികവൃത്തിയിലേക്കു മടങ്ങിയെങ്കിലും തിരുവിതാംകൂർ മഹാരാജാവ് സ്വാതി തിരുനാളുമായുള്ള സ്നേഹബന്ധം അദ്ദേഹം തുടർന്നു. വർഷത്തിൽ ഒരിക്കൽ രാജാവിന്റെ ആവശ്യപ്രകാരം 'മഹാരാജാവിനെ' മുഖംകാണിക്കുവാൻ കൊച്ചിട്ടി കുരുവിള മേപ്രാൽനിന്നും തിരുവനന്തപുരത്തിന് പോകുമായിരുന്നു. കേരളത്തിലെ ക്രൈസ്തവരുടെ പ്രശ്നങ്ങളും ആകുലതകളും മഹാരാജാവിനെ ധരിപ്പിക്കുവാൻ ഈ അവസരം കൊച്ചിട്ടി കുരുവിള ഉപയോഗിച്ചിരുന്നു.

യാത്രാസൗകര്യങ്ങൾ ഒന്നുമില്ലാതിരുന്ന അക്കാലത്ത് മേപ്രാൽനിന്നും തിരുവനന്തപുരത്തെത്താൻ 8-10 ദിവസം എടുക്കുമായിരുന്നു. തന്റെ പിതാമഹന്റെ തിരുവനന്തപുരത്തേക്കുള്ള യാത്രയെപ്പറ്റി

കൊച്ചിട്ടി കുരുവിളയുടെ പൗത്രൻ ചാവിടിയിൽ കോശി കൊച്ചിട്ടി കുരുവിള രസകരമായി വിവരിക്കുന്നുണ്ട്.

തിരുവനന്തപുരത്തേക്കുള്ള പകുതിയാത്ര വള്ളത്തിലും പകുതി യാത്ര കരയിലൂടെയുമായിരുന്നു. 7 പേർ വീതം രണ്ടുവശവും ഇരുന്നു തണ്ടുവലിക്കുന്ന വളവര വള്ളത്തിലാണ് വെള്ളത്തിലൂടെയുള്ള യാത്ര. കരയിലൂടെയുള്ള യാത്ര 4 പേർ ചേർന്ന് ചുമന്നുകൊണ്ടുപോകുന്ന പല്ലക്കിലും ആയിരുന്നു. ചുമക്കുന്നവർ ക്ഷീണിക്കുമ്പോൾ പല്ലക്കു ചുമക്കുവാൻ വേറെ നാലുപേർ കൂടെ നടക്കും. കാട്ടിൽക്കൂടിയുള്ള യാത്രാവേളയിൽ കൊള്ളക്കാരെ ഭയപ്പെട്ടിരുന്നതിനാൽ ആയുധധാ രികളായ അംഗരക്ഷകരും കൂടെക്കാണും.

